## സ്റ്റാൻഡേർഡ് IV

# ഗണിതം

### ഭാഗം - 1

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

KT 79 -1/Maths-4(M) Vol-1

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

*Prepared by* :
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695 012, Kerala

*Website* : www.scertkerala.gov.in
*E-mail* : scertkerala@gmail.com
Phone : 0471-2341883, Fax : 0471-2341869
Typesetting and Layout : SCERT
First Edition : 2015, Reprint : 2016
Printed at : KBPS, Kakkanad, Kochi-30
© Department of Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

ഗണിതത്തിന്റെ അടിസ്ഥാന ധാരണകൾ
പലതും നാം നേടിക്കഴിഞ്ഞു.
ഇനിയും ഒട്ടേറെ കാര്യങ്ങൾ അറിയാനുണ്ട്.
കളിച്ചും ചിരിച്ചും കൂട്ടുകൂടിയും,
കണക്കുകൂട്ടിയും വരച്ചും
പ്രശ്നങ്ങൾ പരിഹരിച്ചും...
ഗണിതം പഠിക്കാം.
ചിന്തിച്ച്, അന്വേഷിച്ച്, കണ്ടെത്തലുകൾ
നടത്തി മുന്നോട്ടു പോകാം.

**ഡോ.പി.എ.ഫാത്തിമ**
*ഡയറക്ടർ*
*എസ്.സി.ഇ.ആർ.ടി.*

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

**സുരേഷ് സി.**
ജി.എം.എൽ.പി.എസ്, ചെറുമുക്ക്,
കോഴിക്കോട്

**അഷ്റഫ് സി.വി.**
വാണിമേൽ എം.യു.പി.എസ്.
നാദാപുരം, വടകര

**ശശിധരൻ വി.പി.**
ബി.ആർ.സി. ഇരിട്ടി

**പ്രശാന്ത് കെ.പി.**
ദേവാധർ യു.പി.എസ്. നെടിയിരുപ്പ്, മലപ്പുറം

**മണികണ്ഠൻ കെ.ഒ.വി.**
പാട്ടിയമ്മ എ.യു.പി.എസ്., കരിവെള്ളൂർ
കണ്ണൂർ

**തുളസീധരൻ പിള്ള കെ.ജി.**
ഗവ. യു.പി.എസ്. ചരിപ്പറമ്പ്, കൊല്ലം

**ഷാജഹാൻ വി.**
ജി.എം.യു.പി.എസ്. മേൽമുറി
മലപ്പുറം

**ജാബിർ കെ.**
ജി.വി.എച്ച്.എസ്. കുഞ്ഞാത്തൂർ
കാസറഗോഡ്

**മുഹമ്മദ് നാസർ**
ജി.എച്ച്.എസ്. കൊടുവായൂർ
പാലക്കാട്

**ഉണ്ണികൃഷ്ണൻ വി.ടി**
പൊന്നാനി ഗേൾസ് എച്ച്.എസ്.എസ്
മലപ്പുറം

**ചിത്രങ്ങൾ**

**ഹരികുമാർ**

**കവർ**

**രാകേഷ് പി. നായർ**

**വിദഗ്ധർ**

**ഡോ. രാധാകൃഷ്ണൻ ചെട്ടിയാർ**
റിട്ട. പ്രൊഫ. യൂണിവേഴ്സിറ്റി കോളേജ്
തിരുവനന്തപുരം

**ഡോ. രമേഷ് കുമാർ പി.**
അസി. പ്രൊഫ., കേരള യൂണിവേഴ്സിറ്റി
കാര്യവട്ടം, തിരുവനന്തപുരം

**സി. വേണുഗോപാൽ**
അസി. പ്രൊഫ., കോളേജ് ഓഫ് ടീച്ചർ
എഡ്യൂക്കേഷൻ, തിരുവനന്തപുരം

**അക്കാദമിക് കോർഡിനേറ്റർ**

**സുജിത് കുമാർ ജി.**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012



# ഉള്ളടക്കം




1 നാലക്കസംഖ്യകൾക്കൊപ്പം .......... 7 - 24

2 സമയചക്രം .................................... 25 - 40

3 ആയിരങ്ങൾ ചേരുമ്പോൾ .......... 41 - 54

4 കൂടുതലും കുറവും ...................... 55 - 64

5 രൂപങ്ങൾ വരയ്ക്കാം .................. 65 - 78


ഈ പുസ്തകത്തിൽ സൗകര്യത്തിനായി ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു.



അധികപ്രവർത്തനം/
തുടർപ്രവർത്തനം



ഞാൻ കണ്ടെത്തിയ വഴി



കൂട്ടുകാർ കണ്ടെത്തിയ വഴി



വിലയിരുത്തൽ



ഐ.സി.റ്റി. സാധ്യതകൾ



പ്രോജക്ട്

# 1

# നാലക്കസംഖ്യകൾക്കൊപ്പം

## വിദ്യാലയത്തിലേക്ക്

വേനലവധി കഴിഞ്ഞ് സ്കൂൾ തുറക്കാറായി. റീനയും അച്ഛനും സാധനങ്ങൾ വാങ്ങാൻ സ്കൂൾ ബസാറിൽ എത്തി.




- 250 രൂപ വിലയുള്ള ഒരു കുടയും 10 രൂപ വീതം വിലയുള്ള 5 നോട്ടുപുസ്തകങ്ങളും 700 രൂപ വിലയുള്ള ഉടുപ്പും വാങ്ങിച്ചു.

? ആകെ എത്ര രൂപയായി? [ ]

? അച്ഛന്റെ കൈയിലുള്ളതെല്ലാം 100 രൂപ നോട്ടുകളാണെങ്കിൽ എത്രയെണ്ണം കൊടുക്കണം? [ ]

❓ 500 രൂപ നോട്ടുകളാണെങ്കിൽ എത്രയെണ്ണം കൊടുക്കണം?

❓ കൈയിലുള്ളത് 1000 രൂപ നോട്ടുകൾ മാത്രമാണെങ്കിലോ?

? റീനയ്ക്ക് 500 രൂപ വിലയുള്ള ഒരു ബാഗും കൂടി വാങ്ങിച്ചു.

❓ കടയിൽ ആകെ എത്ര രൂപ കൊടുക്കണം?


❓ കടയിൽ കൊടുത്തത് 1000 രൂപയുടെയും, 100 രൂപയുടെയും നോട്ടുകളാണെങ്കിൽ ഓരോന്നും എത്ര എണ്ണം വീതമായിരിക്കും?

1000 രൂപാ നോട്ടുകളുടെ എണ്ണം

100 രൂപാ നോട്ടുകളുടെ എണ്ണം




## ചില്ലറയാക്കിയപ്പോൾ




**എത്ര വീതം?**

......... ഒന്ന് ← **1000** → ......... നൂറ്

↓

......... പത്ത്

## വിത്തുകളെത്ര?

**പാലക്കുന്ന് യു.പി. സ്കൂൾ**

**നോട്ടീസ് ബോർഡ്**

*ഹരിതക്ലബിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനമായ ജൂൺ 5 ന് ക്ലബംഗങ്ങൾക്ക് പച്ചക്കറി വിത്ത് വിതരണം നടത്തുന്നു.*

- വിത്തുകൾ 100 എണ്ണം വീതമുള്ള പത്ത് പായ്ക്കറ്റുകളായാണ് കൊണ്ടുവന്നത്.

? ആകെ വിത്തുകൾ എത്ര? ______

ഈ വിത്തുകൾ ചെറിയ പായ്ക്കറ്റുകളിലാക്കി ക്ലബിലെ 100 കുട്ടികൾക്കും തുല്യമായി വിതരണം ചെയ്യണം.

? ഓരോ ചെറിയ പായ്ക്കറ്റിലും എത്ര വിത്തുകൾ കാണും? ______

**ഞാൻ കണ്ടെത്തിയ വഴി**






## കൂട്ടുകാരിയെ സഹായിക്കാം

- ആശുപത്രിയിലായ കൂട്ടുകാരിയെ സഹായിക്കണം. ഓരോ ക്ലാസിൽനിന്നും 1000 രൂപ വീതം ശേഖരിക്കണം. പണം ശേഖരിച്ചതിന്റെ വിശദാംശങ്ങൾ പട്ടികയിൽ നോക്കൂ. ഓരോ ക്ലാസും നാലാംദിവസം ശേഖരിക്കേണ്ടത് എഴുതി പട്ടിക പൂർത്തിയാക്കുക.

| ക്ലാസ് | ഒന്നാം ദിവസം | രണ്ടാം ദിവസം | മൂന്നാം ദിവസം | ആകെ | ഓരോ ക്ലാസും നാലാം ദിവസം ശേഖരിക്കേണ്ടത് |
|---|---|---|---|---|---|
| IV A | 310 | 490 | 100 | | |
| IV B | 400 | 490 | 100 | | |
| IV C | 410 | 290 | 250 | | |
| IV D | 410 | 490 | 99 | | |

## ആയിരത്തിനോട് ആയിരം ചേർന്നാൽ







നാല് ക്ലാസുകളിലെയും ലീഡർമാർ അവർ ശേഖരിച്ച തുക പ്രധാനാധ്യാപകന് നൽകി.

ആകെ എത്ര രൂപ ശേഖരിച്ചു എന്ന് നോക്കാം.




? IV A യും IV B യും കൂടി നൽകിയത് എത്ര രൂപയാണ്?

[ ]

? IV C യിലെ കുട്ടികൾ നൽകിയത് കൂടി ചേർത്താൽ ആകെ എത്ര രൂപയായി?

[ ]

? IV D യിലേത് കൂടി ചേർത്താലോ? [ ]

? നാലു ക്ലാസുകളിൽ നിന്നും ആകെ കിട്ടിയത് എത്ര രൂപയാണ്?

[ ]

$1000 + 1000 + 1000 + 1000 = 4000$

നാല് ആയിരങ്ങൾ ചേർന്നപ്പോൾ നാലായിരം.

പത്ത് ആയിരങ്ങൾ ചേർന്നാലോ? [ ]

**പൂർത്തിയാക്കാമോ?**

1000, 2000, .........., .........., 5000

9000, 8000, .........., .........., 5000

## ആയിരം കിട്ടാൻ

| | | |
|---|---|---|
| 850 + ...... | 925 + ...... | 800 + ...... |
| | 1000 | |
| 999 + ...... | ...... + 5 | ...... + ...... |

ഇനി ആയിരത്തിനെ മൂന്ന് സംഖ്യകളുടെ തുക യായി വ്യത്യസ്തരീതി കളിൽ എഴുതി നോക്കൂ.

| | | | | | | |
|---|---|---|---|---|---|---|
| 1000 | = | 850 | + | 100 | + | 50 |
| 1000 | = | 925 | + | 50 | + | |
| 1000 | = | 800 | + | | + | |
| 1000 | = | | + | | + | |

## കുട്ടികളുടെ സമ്പാദ്യം

- നിങ്ങൾക്ക് സമ്പാദ്യശീലം ഉണ്ടോ?

റീനയും കൂട്ടുകാരും എല്ലാ മാസവും ബാങ്കിൽ തുക നിക്ഷേ പിക്കാറുണ്ട്. കഴിഞ്ഞ സെപ്തം ബർ മുതൽ മാർച്ച് വരെ റീന നിക്ഷേപിച്ചത് നോക്കൂ.

| മാസം | നിക്ഷേപം | ആകെ |
|---|---|---|
| സെപ്തംബർ | 50 | 50 |
| ഒക്ടോബർ | 100 | 150 |
| നവംബർ | 100 | 250 |
| ഡിസംബർ | 200 | 450 |
| ജനുവരി | 100 | ___ |
| ഫെബ്രുവരി | ___ | 750 |
| മാർച്ച് | 100 | ___ |

പട്ടിക പൂർത്തിയാക്കുമല്ലോ.

- ആകെ നിക്ഷേപിച്ചത്.
- അക്കത്തിൽ
- അക്ഷരത്തിൽ

- വേനലവധി കഴിഞ്ഞ് സ്കൂൾ തുറന്നു. ജൂൺ മാസത്തിൽ 150 രൂപ യാണ് റീന നിക്ഷേപിച്ചത്.
  - ഇതുവരെയുള്ള നിക്ഷേപം.
  - അക്കത്തിൽ
  - അക്ഷരത്തിൽ

## നൂറുകൾ ചേർന്നാൽ

- ജനുവരി മുതലുള്ള ആറുമാസങ്ങളിൽ ഓരോ മാസവും 100 രൂപ വീതമാണ് മനോജ് നിക്ഷേപിച്ചത്. നിക്ഷേപപ്പട്ടിക പൂർത്തിയാക്കുക.

| മാസം | നിക്ഷേപം | ആകെ |
|---|---|---|
| മുൻ ബാക്കി | | 1000 |
| ജനുവരി | 100 | 1100 |
| ഫെബ്രുവരി | | |
| മാർച്ച് | | |
| ഏപ്രിൽ | | |
| മേയ് | | |
| ജൂൺ | | |

? ജൂൺ വരെയുള്ള ആകെ നിക്ഷേപം എത്ര?


അക്കത്തിൽ ☐

അക്ഷരത്തിൽ ☐

? ഡിസംബർ വരെ 100 രൂപ വീതം നിക്ഷേപിച്ചാൽ ആകെ എത്ര രൂപയാകും? ☐

## ഓട്ടമത്സരം

- നൂറ് മീറ്റർ ഓട്ടമത്സരത്തിൽ പങ്കെടുക്കുന്ന 6 കുട്ടികൾക്ക് 1000 മുതൽ തുടർച്ചയായ നമ്പറുകളാണ് നൽകിയിരിക്കുന്നത്. അത് ക്രമമായി എഴുതൂ.



? മത്സരത്തിൽ പങ്കെടുക്കുന്ന 5 കുട്ടികൾക്കുകൂടി തുടർച്ചയായ നമ്പറുകൾ നൽകണം. അതെഴുതി നോക്കൂ.

☐ ☐ 1008 ☐ ☐

## പിറന്നാളിന് പുസ്തകം

■ രാമപുരം എൽ.പി. സ്കൂളിലെ വിദ്യാർഥികൾ അവരുടെ പിറന്നാളിന് ലൈബ്രറിയിലേക്ക് പുസ്തകം നൽകാറുണ്ട്. ലൈബ്രറിയിൽ നേരത്തെ ഉണ്ടായിരുന്നത് 1003 പുസ്തകമാണ്. ജൂൺ മാസത്തിൽ ഒന്നാം ക്ലാസിൽനിന്ന് ലൈബ്രറിയിലേക്ക് 3 പുസ്തകം ലഭിച്ചു.

? ഇപ്പോൾ ആകെ എത്ര പുസ്തകങ്ങൾ ഉണ്ട്? ▭

ജൂൺ മാസത്തിൽ മറ്റു ക്ലാസുകളിൽ നിന്ന് 9 പുസ്തകം കൂടി ലൈബ്രറിയിലേക്ക് കിട്ടി.

? ആകെ പുസ്തകങ്ങൾ എത്ര? ▭

? ജൂലൈ മാസത്തിൽ ലഭിച്ച ഏഴ് പുസ്തകത്തിന് ക്രമമായി നമ്പർ നൽകൂ.




### തെറ്റ് കണ്ടുപിടിക്കൂ

1000 ത്തിനോട് 2 കൂട്ടാൻ പറഞ്ഞപ്പോൾ അനു ചെയ്തത് നോക്കൂ.

1000 +
2
―――
3000

അനുവിന്റെ ഉത്തരം ശരിയാണോ? ▭

എന്തുകൊണ്ട്? ▭ ശരിയായ ഉത്തരമെത്ര? ▭

## ഒരക്കസംഖ്യ കൂട്ടാം

2000 ത്തിനോട് ഒരക്കസംഖ്യ കൂട്ടി നോക്കൂ.

2000 + 5 = ........ 2000 + ........ = ........

4000, 5000, ........ ഇവയോട് നിങ്ങൾക്ക് ഇഷ്ടമുള്ള ഒരക്ക സംഖ്യ കൂട്ടുക. ഇത്തരത്തിൽ നാലക്കസംഖ്യയോട് രണ്ടക്കസംഖ്യകളും മൂന്നക്കസംഖ്യകളും കൂട്ടി നോക്കൂ.

2000 + 54 = .................... 2000 + 303 = ....................

6000 + 10 = .................... 6000 + 410 = ....................

......... + .... = .................... ......... + ....... = ....................

......... + .... = .................... ......... + ....... = ....................

**മലയാള അക്കങ്ങൾ**

| | |
|---|---|
| ൧ | 1 |
| ൨ | 2 |
| ൩ | 3 |
| ൪ | 4 |
| ൫ | 5 |
| ൬ | 6 |
| ൭ | 7 |
| ൮ | 8 |
| ൯ | 9 |
| ൦ | 0 |

## കാർഡ് കൊണ്ടൊരു കളി

കുട്ടികൾ കാർഡുകൾ ഉപയോഗിച്ച് കളിക്കുകയാണ്. ഒരു പെട്ടിയിൽ ചുവപ്പ്, പച്ച, നീല, മഞ്ഞ എന്നീ നിറങ്ങളിലുള്ള കുറേ കാർഡുകളുണ്ട്. പെട്ടിയുടെ ഉള്ളിൽ നോക്കാതെ ഒരാൾക്ക് 8 കാർഡ് എടുക്കാം. ഓരോ കാർഡിനും വ്യത്യസ്ത പോയിന്റുകളാണ് നൽകിയിട്ടുള്ളത്.

| ചുവപ്പ് | പച്ച | നീല | മഞ്ഞ |
|---|---|---|---|
| 1000 | 100 | 10 | 1 |

ഒരു തവണ കളി കഴിഞ്ഞപ്പോൾ ക്ലാസിലെ 6 കുട്ടികൾക്ക് കിട്ടിയ കാർഡുകളുടെ എണ്ണം നോക്കൂ.

| പേര് | ചുവപ്പ് | പച്ച | നീല | മഞ്ഞ | കിട്ടിയ പോയിന്റ് |
|---|---|---|---|---|---|
| അരുൺ | 1 | 3 | 2 | 2 | |
| മേരി | 1 | 7 | – | – | |
| ഫാത്തിമ | 1 | – | – | 7 | |
| ജാഫർ | 1 | – | 2 | 5 | |
| ഉഷ | 2 | – | 6 | - | |
| ജോയി | 2 | – | – | 6 | |

? ആർക്കാണ് ഏറ്റവും കൂടുതൽ പോയിന്റ് കിട്ടിയത്? ______

? ആർക്കാണ് ഏറ്റവും കുറച്ച് പോയിന്റ് കിട്ടിയത്? ______

? ലഭിച്ച പോയിന്റുകൾ ചെറുതിൽ നിന്ന് വലുതിലേക്ക് ക്രമത്തിലെഴുതൂ.



| ഞാൻ എന്നെക്കുറിച്ച് | അതെ | അല്ല |
|---|---|---|
| ഓരോരുത്തർക്കും കിട്ടിയ പോയിന്റുകൾ കണ്ടെത്താൻ കഴിഞ്ഞു. | | |
| കൂടിയ പോയിന്റും കുറഞ്ഞ പോയിന്റും കണ്ടെത്താൻ സാധിച്ചു. | | |
| ഓരോരുത്തരുടെയും പോയിന്റുകൾ കണ്ടെത്തിയ രീതി എനിക്ക് വിശദീകരിക്കാൻ കഴിഞ്ഞു. | | |
| ആയിരത്തിനോട് അതിൽ ചെറിയ സംഖ്യകൾ കൂട്ടുന്നതെങ്ങനെയെന്ന് എനിക്ക് അറിയാം. | | |

❓ രഹന് 3 ആയിരവും 2 നൂറും 3 ഒന്നും ലഭിച്ചു. ആകെ എത്ര പോയിന്റ് കിട്ടി? [ ]

❓ ദിയക്ക് ഒരു പച്ച കാർഡും ഒരു ചുവപ്പ് കാർഡും 3 വീതം നീല, മഞ്ഞ കാർഡുകളുമാണ് കിട്ടിയത് എങ്കിൽ ആകെ ലഭിച്ച പോയിന്റുകൾ എത്ര? [ ]

❓ ബന്ധൂരയ്ക്ക് 2123 പോയിന്റാണ് ലഭിച്ചത്. എങ്കിൽ ഏതൊക്കെ കാർഡുകൾ എത്ര എണ്ണം വീതം കിട്ടിയിരിക്കും? [ ]

50 നൂറുകൾ ചേർന്ന സംഖ്യ എത്ര ആയിരങ്ങൾ ചേർന്നതിന് തുല്യ മായിരിക്കും? 100 നൂറുകൾ ചേർന്ന സംഖ്യ യോ?

## കാർഡുകളെത്ര?

1000 100 10 1

കാർഡുകൾ ഉപയോഗിച്ച് കളിച്ചപ്പോൾ 4 കുട്ടികൾക്ക് കിട്ടിയ പോയിന്റുകൾ നോക്കൂ. ഓരോരുത്തർക്കും ഏതൊക്കെ കാർഡുകൾ എത്രവീതം കിട്ടിയിട്ടുണ്ടാകും? പട്ടിക പൂർത്തിയാക്കൂ.

| പേര് | പോയിന്റ് | | | | |
|---|---|---|---|---|---|
| അച്ചു | 3140 | 3 | 1 | 4 | 0 |
| ജോണി | 2303 | | | | |
| റാണി | 3122 | | | | |
| ജയ | 2006 | | | | |

അച്ചുവിന് 3140 പോയിന്റ് കിട്ടിയത് മൂന്ന് ആയിരവും, ഒരു നൂറും, നാല് പത്തും ചേർന്നിട്ടാണല്ലോ.

❓ 2303 നെ എങ്ങനെ എഴുതാം?

2303
...... ആയിരം
...... നൂറ്
...... പത്ത്
...... ഒന്ന്

## സൈക്കിൾ വാങ്ങാം



■ അബുവും ജോണിയും ബാബുവും പുതിയ സൈക്കിൾ വാങ്ങി.

അബുവിന്റെ സൈക്കിളിന് 3250 രൂപയാണ് വില. കടയിൽ മൂന്ന് ആയിരം രൂപ, രണ്ട് നൂറ് രൂപ, അഞ്ച് പത്ത് രൂപ എന്നീ നോട്ടുകളാണ് നൽകിയത്.

**?** ജോണി നൽകിയത് 3 ആയിരം രൂപയുടെയും 4 നൂറു രൂപയുടെയും 5 പത്തു രൂപയുടെയും നോട്ടുക ളാണ്. ജോണിയുടെ സൈക്കിളിന്റെ വില എത്ര?

അക്കത്തിൽ ______

അക്ഷരത്തിൽ ______




**?** സീറ്റ് കവറും, ബെല്ലും ബാബു അധികമായി വാങ്ങി. എല്ലാം ചേർത്ത് 4265 രൂപയായി. ഏതൊക്കെ രീതിയിൽ ഈ തുക എഴുതാം?

**4265**

- 426 പത്ത്
  5 ഒന്ന്
- ........ ആയിരം
  ........ നൂറ്
  ........ പത്ത്
  ........ ഒന്ന്
- ...... നൂറ്
  6 പത്ത്
  5 ഒന്ന്
- 4 ആയിരം
  ...... പത്ത്
  ...... ഒന്ന്
- 42 നൂറ്
  ...... ഒന്ന്
- ...... ഒന്ന്

## അക്കത്തിലും അക്ഷരത്തിലും

| | |
|---|---|
| 4265 | നാലായിരത്തി ഇരുന്നൂറ്റി അറുപത്തി അഞ്ച് |
| | മൂവായിരത്തി അറുന്നൂറ്റി ഇരുപത് |
| | മൂവായിരത്തി മുപ്പത് |
| 3001 | |
| 5022 | |
| 6070 | |
| | ഏഴായിരത്തി അഞ്ഞൂറ് |
| 9090 | |
| | |

### പാറ്റേൺ പൂർത്തിയാക്കുക

2100, 2200, 2300, ............... , ............... , ...............

3300, 3200, 3100, ............... , ............... , ...............

5000, 5200, 5400, ............... , ............... , ...............

6500, 6300, 6100, ............... , ............... , ...............

8600, 8700, 8800, ............... , ............... , ...............

### മനക്കണക്കായി ചെയ്യാം

1 + 10 + 100 + 1000 =

2 + 20 + 200 + 2000 =

1 + 11 + 111 + 1111 =

2 + 22 + 222 + 2222 =

### പൂർത്തിയാക്കുക

1020, 1030, 1040, ........, ........, ........

7070, 7080, 7090, ........, ........, ........

2073, 2083, 2093, ........, ........, ........

3940, 3960, 3980, ........, 4020, ........



**4200**
- 4 ആയിരം, ..................... നൂറ്
- ..................... പത്ത്
- ..................... ഒന്ന്
- ..................... നൂറ്

**3897**
- 3 ആയിരം, ......... പത്ത്, 7 ഒന്ന്
- ......... നൂറ്, 9 പത്ത്, 7 ഒന്ന്
- ......... പത്ത്, 7 ഒന്ന്
- 3 ആയിരം, ......... ഒന്ന്

**6875**
- 
- 
- 
- 

### റോമൻ സംഖ്യാസമ്പ്രദായം

I, V, X, L, C, D, M എന്നീ അക്ഷരങ്ങളാണ് റോമൻ സംഖ്യാസമ്പ്രദായത്തിൽ ഉപയോഗിക്കുന്നത്. റോമൻ സംഖ്യാസമ്പ്രദായത്തിൽ ഒന്നിനെ സൂചിപ്പിക്കുന്നത് എങ്ങനെയാണ്? ☐

അഞ്ചിനെയോ? ☐

| | | |
|---|---|---|
| I | - | 1 |
| V | - | 5 |
| X | - | 10 |
| L | - | 50 |
| C | - | 100 |
| D | - | 500 |
| M | - | 1000 |

ഇനി നാലിനെ എങ്ങനെ എഴുതാം?

അഞ്ചിന്റെ ഇടതുവശത്ത് ഒന്ന് എഴുതിയാണ് നാലിനെ സൂചിപ്പിക്കുന്നത് – IV

V ന്റെ വലതുഭാഗത്ത് I എഴുതിയാണ് ആറിനെ സൂചിപ്പിക്കുന്നത് -VI

V ന്റെ വലതു ഭാഗത്ത് രണ്ട് I കൾ എഴുതിയാൽ ഏഴാകും – VII

എങ്കിൽ എട്ടിനെയോ? ☐

ഒമ്പതിനെയോ? ☐

## പുരസ്കാരവും വർഷവും

- എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചവരുടെ പേരുകൾ വർഷക്രമത്തിൽ നൽകിയിരിക്കുന്നു. വർഷങ്ങൾ തുടർച്ചയായി എഴുതി പൂർത്തിയാക്കുക.














| വർഷം | പേര് |
|---|---|
| 1993 | ശൂരനാട് കുഞ്ഞൻപിള്ള |
| | തകഴി ശിവശങ്കരപ്പിള്ള |
| | ബാലാമണിയമ്മ |
| | ഡോ. കെ.എം. ജോർജ് |
| | പൊൻകുന്നം വർക്കി |
| | എം.പി. അപ്പൻ |
| | കെ.പി. നാരായണപിഷാരടി |
| | പാലാ നാരായണൻ നായർ |
| | ഒ.വി. വിജയൻ |
| | കമല സുരയ്യ |
| | ടി. പത്മനാഭൻ |
| | സുകുമാർ അഴീക്കോട് |
| | എസ്. ഗുപ്തൻ നായർ |
| | കോവിലൻ |
| | ഒ.എൻ.വി. കുറുപ്പ് |
| | അക്കിത്തം അച്ചുതൻ നമ്പൂതിരി |
| | സുഗതകുമാരി |
| | ഡോ. എം. ലീലാവതി |
| | എം.ടി. വാസുദേവൻ നായർ |
| | ആറ്റൂർ രവിവർമ |
| | എം.കെ. സാനു |
| | വിഷ്ണുനാരായണൻ നമ്പൂതിരി |












## പ്രവേശന നമ്പർ

■ മീനുവിനും കൂട്ടുകാർക്കും പുതിയ സ്കൂളിൽ തുടർച്ചയായ പ്രവേശന നമ്പറാണ് ലഭിച്ചത്. നമ്പർ എഴുതി പട്ടിക പൂർത്തിയാക്കുക.




| പ്രവേശന നമ്പർ | പേര് |
|---|---|
| 3008 | മീനു |
| | ജസ്ന |
| | രമ്യ |
| | അപർണ |
| | ഷംന |
| | മായ |

? പിന്നീട് 20 പേർ കൂടി ഇതേ സ്കൂളിൽ ചേർന്നു. അവസാനം ചേർന്ന കുട്ടിയുടെ പ്രവേശന നമ്പർ എത്ര? [ ]

? ഒരു മാസത്തിന് ശേഷം പ്രവേശന നമ്പർ 3049 വരെ ആയി. എങ്കിൽ വീണ്ടും എത്ര കുട്ടികൾ ചേർന്നു? [ ]

## ലോകകപ്പ് ഫുട്ബോൾ




■ ഓരോ നാല് വർഷം കൂടുമ്പോഴാണ് ലോക കപ്പ് ഫുട്ബോൾ മത്സരം നടക്കുന്നത്. കളി നടന്ന വർഷങ്ങൾ ക്രമത്തിൽ എഴുതി പട്ടിക പൂർത്തിയാക്കുക.

| വർഷം | മത്സരം നടന്ന രാജ്യം |
|---|---|
| | അർജന്റീന |
| | സ്പെയിൻ |
| | മെക്സിക്കോ |
| 1990 | ഇറ്റലി |
| | യു.എസ്.എ. |
| | ഫ്രാൻസ് |
| | ദക്ഷിണകൊറിയ, ജപ്പാൻ |
| | ജർമനി |
| | ദക്ഷിണാഫ്രിക്ക |
| | ബ്രസീൽ |




? അടുത്ത മത്സരം നടക്കുന്നത് ഏത് വർഷം?

? ഇതേ രീതിയിൽ മത്സരം നടക്കുകയാണെങ്കിൽ 2025 ൽ ലോകകപ്പ് ഫുട്ബോൾ മത്സരം നടക്കുമോ?

ഒരു കാറിന്റെ നമ്പർ തുടർച്ചയായ നാലക്കങ്ങളാണ്. ആദ്യത്തെയും അവസാനത്തെയും അക്കങ്ങളുടെ തുക 9 ആയാൽ നമ്പർ കണ്ടുപിടിക്കാമോ?

## കൊടുമുടികളും ഉയരവും

**ലോകത്തിലെ ചില കൊടുമുടികളുടെ പേരും ഉയരവും കൊടുത്തിരിക്കുന്നു. ചെറുതിൽനിന്ന് വലുതിലേക്ക് ഉയര ക്രമത്തിൽ രേഖപ്പെടുത്തുക.**



## സ്ഥാനവില

■ 5, 0 എന്നീ അക്കങ്ങൾ ഉപയോഗിച്ച് ഏതൊക്കെ നാലക്കസംഖ്യകൾ ഉണ്ടാക്കാം?

5000, 5005, ..........., ..........., ..........., ..........., ..........., ...........


? ഈ സംഖ്യകളെ ചെറുതിൽ നിന്ന് വലുതിലേക്ക് എഴുതുക.

5000, ..........., ..........., ..........., ..........., ..........., ..........., ...........

ഇതിൽ ഏറ്റവും വലിയ സംഖ്യ 5555 ആണല്ലോ.

? ഇതിൽ ഇടത്തെ അറ്റത്തെ 5 ന്റെ സ്ഥാനവില. ☐

? വലത്തെ അറ്റത്തെ 5 ന്റെ സ്ഥാനവിലയോ? ☐



### ഞാനാര്?

- 1200 നും 1300 നും ഇടയിൽ
- പത്തിന്റെ സ്ഥാനത്ത് 3
- ഇരട്ടസംഖ്യയാണ്
- ഒരക്കം ആവർത്തിക്കുന്നുണ്ട് ☐

### എന്നെ കണ്ടെത്താമോ?


ഞാനൊരു നാലക്കസംഖ്യയാണ്. ഞാനും എന്റെ രണ്ട് മടങ്ങും ചേർന്നാൽ ഏറ്റവും വലിയ നാലക്കസംഖ്യ കിട്ടും. ഞാനാരെന്ന് പറയൂ.

### ഒറ്റയും ഇരട്ടയും

| | |
|---|---|
| ഒന്നാമത്തെ ഇരട്ടസംഖ്യ – 2 | ഒന്നാമത്തെ ഒറ്റസംഖ്യ – 1 |
| രണ്ടാമത്തെ ഇരട്ടസംഖ്യ – | രണ്ടാമത്തെ ഒറ്റസംഖ്യ – |
| നാലാമത്തെ ഇരട്ടസംഖ്യ – | നാലാമത്തെ ഒറ്റസംഖ്യ – |
| പത്താമത്തെ ഇരട്ടസംഖ്യ 20 ആണ്. | പത്താമത്തെ ഒറ്റസംഖ്യ – |
| 50-ാമത്തെ ഇരട്ടസംഖ്യ – | 50-ാമത്തെ ഒറ്റസംഖ്യ – |
| 100-ാമത്തെ ഇരട്ടസംഖ്യ – | |
| 400 എന്നത് എത്രാമത്തെ ഇരട്ടസംഖ്യയാണ്? | |

## ശരിയും തെറ്റും

■ ഒരു ഗ്രൂപ്പിലെ കുട്ടികൾ എഴുതിക്കൊണ്ടുവന്ന തുർച്ചയായ എണ്ണൽ സംഖ്യാ പാറ്റേണുകൾ അധ്യാപിക ബോർഡിൽ എഴുതിയിട്ടുണ്ട്.





? പാറ്റേണുകളിൽ ശരിയായതും തെറ്റായതും കണ്ടെത്തുക. തെറ്റ് തിരുത്തി പൂർത്തിയാക്കുക.

**ഞാൻ കണ്ടെത്തിയത്**




| ശരിയായവ | തെറ്റിയവ ശരിയാക്കി എഴുതിയത് |
|---|---|
| | |



**ഞങ്ങളാര്?**

- 2000 ത്തിനും 3000 ത്തിനും ഇടയിൽ
- ഒറ്റസംഖ്യയാണ്
- പത്തിന്റെ സ്ഥാനത്തെ അക്കം 6 ആണ്
- ഒന്നിന്റെയും നൂറിന്റെയും സ്ഥാനത്ത് ഒരേ അക്കമാണ്



### സുജിത്തിന്റെ കാറിന്റെ നമ്പർ എത്ര?

- സുജിത്തിന്റെ കാറിന്റെ നമ്പർ നാലക്കസംഖ്യയാണ്.
- ആദ്യത്തെ അക്കത്തിന്റെ ഇരട്ടിയാണ് അവസാനത്തെ അക്കം.
- രണ്ടാമത്തെയും മൂന്നാമത്തെയും അക്കങ്ങൾ തുല്യമാണ്.
- ആദ്യത്തെ രണ്ടക്കം ചേർന്ന സംഖ്യയുടെ ഇരട്ടിയാണ് അടുത്ത രണ്ടക്കം ചേർന്ന സംഖ്യ.

? തുടർച്ചയായ മൂന്ന് എണ്ണൽസംഖ്യകൾ വരുന്ന രീതിയിൽ പട്ടിക പൂർത്തിയാക്കുക.

| | | |
|---|---|---|
| 2999, | 3000, | 3001 |
| 2098, | 2099, | .......... |
| 5999, | .........., | 6001 |
| .........., | 6199, | .......... |
| .........., | 4200, | .......... |
| .........., | 7000, | .......... |

### സംഖ്യകളെഴുതാം

4, 6, 7, 9 എന്നീ അക്കങ്ങൾ ആവർത്തിക്കാതെ എത്ര നാലക്ക സംഖ്യകൾ എഴുതാൻ കഴിയും? ഏതൊക്കെയെന്ന് എഴുതി നോക്കൂ. 3, 7, 0, 5 എന്നീ അക്കങ്ങളായാലോ?

## ചെറുതും വലുതും

ഓരോ വരിയിലെയും വലിയ സംഖ്യയ്ക്കു ചുറ്റും വട്ടവും ചെറിയ സംഖ്യയ്ക്കു ചുറ്റും ചതുരവും വരയ്ക്കുക.

| | | | | |
|---|---|---|---|---|
| 4275, | 4257, | 4725, | 4752, | 4572 |
| 4762, | 4726, | 4672, | 4267, | 4276 |
| 4662, | 4757, | 4262, | 4755, | 4266 |
| 4247, | 4772, | 4727, | 4277, | 4272 |
| 4764, | 4677, | 4252, | 4767, | 4257 |

വട്ടത്തിലെ സംഖ്യകളെ ചെറുതിൽനിന്ന് വലുതിലേക്ക് ക്രമമായി എഴുതുക.

ഈ സംഖ്യകൾ തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

ചതുരത്തിലെ സംഖ്യകളെ വലുതിൽ നിന്ന് ചെറുതിലേക്ക് ക്രമമായി എഴുതുക.

# 2

# സമയചക്രം


## ക്ലോക്കിൽ രേഖപ്പെടുത്താം





■ റേഡിയോയിലെ പ്രധാനപരിപാടികളുടെ സമയം ക്ലോക്കിൽ രേഖപ്പെടുത്തിയാലോ?





കാർഷിക വാർത്തകൾ




ഗ്രാമീണഭാരതം










KT 79 -3/Maths-4(M) Vol-1




■ വാർത്ത ശ്രദ്ധിച്ചല്ലോ.

വാർത്തയിൽ പറഞ്ഞ സമയം ആശ ക്ലോക്കിൽ രേഖപ്പെടുത്തിയത് നോക്കൂ.









- ആദ്യത്തെ ക്ലോക്കിലെ സമയം [7 മണി 8 സെക്കന്റ്]
- രണ്ടാമത്തേതോ? [ ]

■ നമുക്കും ഒരു ക്ലോക്ക് നിർമിച്ചാലോ.

? എന്തെല്ലാം വേണം?

- കട്ടിയുള്ള പേപ്പർ
- 
- 

നിങ്ങൾ നിർമിച്ച ക്ലോക്കുകൾ ക്ലാസിൽ പ്രദർശിപ്പിക്കുമല്ലോ.

## എഴുതാം... വരയ്ക്കാം...

- ഓരോ ക്ലോക്കിലെയും സമയം എത്രയെന്ന് താഴെ കൊടുത്ത കളങ്ങളിൽ എഴുതുക.




10 മണി
55 മിനുട്ട്
21 സെക്കന്റ്



..... മണി
.......മിനുട്ട്
......സെക്കന്റ്



..... മണി
.......മിനുട്ട്
......സെക്കന്റ്




..... മണി
.......മിനുട്ട്
......സെക്കന്റ്




..... മണി
.......മിനുട്ട്
......സെക്കന്റ്


- കളങ്ങളിൽ കൊടുത്തിരിക്കുന്ന സമയം ക്ലോക്കിൽ വരച്ചു ചേർക്കാം.




4 മണി
15 മിനുട്ട്
40 സെക്കന്റ്




10 മണി
30 സെക്കന്റ്



12 മണി
35 മിനുട്ട്
17 സെക്കന്റ്



9 മണി
55 മിനുട്ട്
14 സെക്കന്റ്




6 മണി
25 മിനുട്ട്
2 സെക്കന്റ്



| ഞാൻ എന്നെക്കുറിച്ച് | അതെ | അല്ല |
|---|---|---|
| ക്ലോക്കിലെ ഓരോ സൂചിയും എന്തിനെ സൂചിപ്പിക്കുന്നുവെന്ന് മനസിലാക്കിയിട്ടുണ്ട്. | | |
| ക്ലോക്കിലെ സൂചികളുടെ സ്ഥാനം നോക്കി സെക്കന്റും മിനുട്ടും പറയാൻ കഴിയും | | |
| 24 മണിക്കൂർ ചേർന്നതാണ് ഒരു ദിവസമെന്ന് മനസിലായിട്ടുണ്ട്. | | |
| 60 മിനുട്ട് ചേർന്നതാണ് ഒരു മണിക്കൂർ എന്നറിയാം | | |
| 60 സെക്കന്റ് ചേർന്നതാണ് ഒരു മിനുട്ടെന്ന് മനസിലായിട്ടുണ്ട്. | | |

## 100 വരെ എഴുതാം

■ 1 മുതൽ 100 വരെയുള്ള സംഖ്യകൾ ഏറ്റവും വേഗത്തിൽ എഴുതുന്ന 4-ാം ക്ലാസിലെ 6 പേരെ ഒരു മത്സരത്തിലൂടെ ടീച്ചർ കണ്ടെത്തി. ഇവർ എഴുതാനെടുത്ത സമയമാണ് താഴെ കൊടുത്തിരിക്കുന്നത്. അതിനെ മിനുട്ടിലും സെക്കന്റിലുമായി മാറ്റി എഴുതുക.



| നം. | പേര് | സെക്കന്റിൽ | മിനുട്ടിലും സെക്കന്റിലും |
|---|---|---|---|
| 1. | അജയൻ | 95 സെക്കന്റ് | 1 മിനുട്ടും 35 സെക്കന്റും |
| 2. | അന്ന | 100 സെക്കന്റ് | |
| 3. | ജെസ്സി | 110 സെക്കന്റ് | |
| 4. | ഡാനിസ് | | 2 മിനുട്ടും 5 സെക്കന്റും |
| 5. | സുലേഖ | | 1 മിനുട്ടും 45 സെക്കന്റും |
| 6. | ഫസ്ന | | 2 മിനുട്ട് |



ഇതുപോലെ 100 വരെ എഴുതിയാൽ നിങ്ങളുടെ ക്ലാസിൽ ആദ്യത്തെ 5 സ്ഥാനം ആർക്കൊക്കെ ആയിരിക്കും? കണ്ടെത്തുക.

? നിങ്ങൾക്ക് 100 വരെ എഴുതാൻ എത്ര സമയം വേണം?

ഊഹം [ ]

ഇനി എഴുതി നോക്കൂ.

- ടീച്ചർ സമയം നോക്കും.

## ഓട്ടമത്സരം

■ 2014-ലെ ഇഞ്ചിയോൺ ഏഷ്യൻ ഗെയിംസിൽ വനിതകളുടെ 800 മീറ്റർ ഓട്ടമത്സരത്തിൽ പങ്കെടുത്ത ചില കായികതാരങ്ങളുടെ പേരും സമയവും താഴെ പട്ടികയിൽ നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | പേര് | സമയം |
|---|---|---|
| 1. | വാഗ്മോയ് | 2 മിനുട്ട് 05 സെക്കന്റ് |
| 2. | സുഷമ ദേവി | 2 മിനുട്ട് 01 സെക്കന്റ് |
| 3. | ജൻസബ്ബ് ഷൂമി | 2 മിനുട്ട് 03 സെക്കന്റ് |
| 4. | ലമാഡി രാജ | 2 മിനുട്ട് 08 സെക്കന്റ് |
| 5. | ടിന്റു ലൂക്ക | 1 മിനുട്ട് 59 സെക്കന്റ് |
| 6. | അർട്ടിഗല അബർത്തന ഗയന്തിക | 2 മിനുട്ട് 06 സെക്കന്റ് |

- ഏറ്റവും കുറഞ്ഞ സമയം എടുത്തതാര്? എത്ര സമയം?

- കൂടുതൽ സമയം എടുത്തതാര്? എത്ര സമയം?

- കുറഞ്ഞ സമയത്തിൽനിന്ന് കൂടിയ സമയത്തിലേക്ക് എന്ന രീതിയിൽ പട്ടിക ക്രമീകരിക്കുക.

- പട്ടികയിലെ സമയത്തെ സെക്കന്റിലാക്കി എഴുതിയാലോ?

## ശുഭയാത്ര

- ജോണിയും കുടുംബവും യാത്ര പോവുകയാണ്.









## മാറ്റി എഴുതാം

- വിവിധ സ്റ്റേഷനുകളിൽ നിന്ന് പുറപ്പെടുന്ന തീവണ്ടി സമയങ്ങളാണ് പട്ടികയിൽ നൽകിയിട്ടുള്ളത്. നൽകിയ തീവണ്ടി സമയങ്ങൾ am/pm എന്ന രീതിയിലേക്ക് മാറ്റി എഴുതുക.

| വണ്ടി നമ്പർ | വണ്ടിയുടെ പേര് | പുറപ്പെടുന്ന സമയം | am/pm |
|---|---|---|---|
| 16307 | ആലപ്പുഴ - കണ്ണൂർ എക്സ്പ്രസ് | 14:55 | |
| 16042 | ആലപ്പുഴ - ചെന്നൈ എക്സ്പ്രസ് | 16:00 | |
| 12977 | എറണാകുളം - അജ്മീർ മരുസാഗർ എക്സ്പ്രസ് | 20:05 | 8:05 pm |
| 16359 | എറണാകുളം - പാറ്റ്ന എക്സ്പ്രസ് | 23:00 | |
| 12625 | തിരുവനന്തപുരം - ഡൽഹി കേരള എക്സ്പ്രസ് | 11:15 | |
| 16302 | തിരുവനന്തപുരം - ഷൊർണൂർ വേണാട് എക്സ്പ്രസ് | 5:00 | |

- പട്ടികയിൽ നൽകിയ ബസ്സുകളുടെ സമയം am/pm ലാണ്. അവയെ 24 മണിക്കൂർ ക്ലോക്കിലെ സമയമാക്കി മാറ്റി എഴുതുക.

| ബസ് പോകുന്ന വഴി | പുറപ്പെടുന്ന സമയം | 24 മണിക്കൂർ ക്ലോക്കിൽ |
|---|---|---|
| തിരുവനന്തപുരം - എറണാകുളം | 11:15 am | |
| തിരുവനന്തപുരം - കോഴിക്കോട് | 6:30 am | |
| ഗുരുവായൂർ - കണ്ണൂർ | 1:40 pm | 13:40 |
| കോഴിക്കോട് - പാലക്കാട് | 3:45 pm | |
| തൃശൂർ - തിരുവനന്തപുരം | 11:40 pm | |
| ആലപ്പുഴ - കോഴിക്കോട് | 8:05 am | |

## സ്കൂളിലേക്ക്


- നിങ്ങളുടെ സ്കൂളിന്റെ പ്രവർത്തനസമയം ..... മുതൽ ..... വരെ
- അതിനെ am/pm ലേക്ക് മാറ്റി എഴുതുക.
- 24 മണിക്കൂർ ക്ലോക്കിലാണെങ്കിലോ?




? നിങ്ങളുടെ സ്കൂളിന്റെ പ്രവർത്തനസമയം ആകെ എത്ര മണിക്കൂറാണ്?

? ഉച്ചഭക്ഷണസമയം, രണ്ടുനേരത്തെ ഇടവേളകൾ എന്നിവ ഒഴിവാക്കിയാൽ പഠനസമയം എത്ര?

## ന്യായവിലക്കട




ഈ ന്യായവിലക്കട ഒരു ദിവസം എത്ര മണിക്കൂർ പ്രവർത്തിക്കുന്നു?

**ഞാൻ കണ്ടെത്തിയ രീതി**

## ബാങ്കിലേക്ക്




? ശനിയാഴ്ച ബാങ്ക് എത്ര മണിക്കൂർ പ്രവർത്തിക്കും?

? മറ്റു ദിവസങ്ങളിലോ?

## തൊഴിൽ സമയം

■ ഒരു ഫാക്ടറിയുടെ പ്രവർത്തനസമയം രണ്ട് ഷിഫ്റ്റുകളായാണ് ക്രമീകരിച്ചിരിക്കുന്നത്.




? ഫാക്ടറിയുടെ ആകെ പ്രവർത്തന സമയം am/pm ൽ

........... മുതൽ ........... വരെ

? 24 മണിക്കൂർ ക്ലോക്കിൽ രേഖപ്പെടുത്തിയാലോ?

........... മുതൽ ........... വരെ

? ഫാക്ടറി പ്രവർത്തിക്കുന്നത് ആകെ എത്ര മണിക്കൂറാണ്?

? ഫാക്ടറി പ്രവർത്തിക്കാത്ത സമയം am/pm ൽ എങ്ങനെയാണ് രേഖപ്പെടുത്തുക? ........... മുതൽ ........... വരെ

? ഒരോ ഷിഫ്റ്റിലും എത്ര മണിക്കൂറാണ് പ്രവർത്തനസമയം?

? വിശ്രമസമയം കുറച്ചാൽ ഓരോ ഷിഫ്റ്റിലും എത്ര സമയം ജോലി ചെയ്യുന്നുണ്ട്?

? ഏത് ഷിഫ്റ്റിലെ തൊഴിലാളികളാണ് കൂടുതൽ സമയം ജോലി ചെയ്യുന്നത്?



| ഞാൻ എന്നെക്കുറിച്ച് | അതെ | അല്ല |
|---|---|---|
| പ്രവർത്തനസമയം കണ്ടെത്താൻ കഴിഞ്ഞു. | | |
| 24 മണിക്കൂർ ക്ലോക്കിലെ സമയം എഴുതാൻ സാധിച്ചു. | | |
| 12 മണിക്കൂർ ക്ലോക്കിൽ am, pm ഉപയോഗിച്ച് രേഖപ്പെടുത്തി. | | |
| രണ്ട് സമയങ്ങൾക്കിടയിൽ എത്ര സമയം എന്ന് കണ്ടെത്തി. | | |
| ഒരു സമയത്തിൽനിന്ന് നിശ്ചിതസമയം കുറച്ച് കാണാൻ കഴിഞ്ഞു. | | |

## സർക്കസ്

❓ സർക്കസ് കലാകാരനായ രാജു തന്റെ സൈക്കിൾയജ്ഞം 6:15am ന് തുടങ്ങി 9:30pm ന് അവസാനിപ്പിക്കുന്നു. എങ്കിൽ അയാൾ ഒരു ദിവസം എത്ര സമയം സൈക്കിൾ ഓടിക്കുന്നു?



- എന്തെല്ലാം വിവരങ്ങൾ നൽകിയിട്ടുണ്ട്?
- am, pm എന്ന രീതിയിൽ സമയം നൽകിയിട്ടുണ്ട്.
- 

എങ്ങനെ കണ്ടെത്തും?




- ആദ്യം am ലെ സമയം പരിശോധിക്കാം.
  - 6:15 am മുതൽ 7 am വരെ - 45 മിനുട്ട്
  - 7 am മുതൽ ഉച്ചയ്ക്ക് 12 വരെ - 5 മണിക്കൂർ
  - am ലെ ആകെ സമയം - 5 മണിക്കൂർ 45 മിനുട്ട്
- ഇനി pm പരിശോധിക്കാം.
  - ഉച്ചയ്ക്ക് 12 മുതൽ 9:30 pm വരെ.
  - 9 മണിക്കൂർ 30 മിനുട്ട്




ഇതിനെ നമുക്ക് ഇങ്ങനെ മാറ്റി എഴുതാം.

6:15 am മുതൽ 9:30 pm വരെ

| | |
|---|---|
| am ലെ സമയം ► | 5 മണിക്കൂർ 45 മിനുട്ട് |
| pm ലെ സമയം ► | 9 മണിക്കൂർ 30 മിനുട്ട് |
| | 14 മണിക്കൂർ 75 മിനുട്ട് |




**75 മിനുട്ട് എന്നാൽ 1 മണിക്കൂർ 15 മിനുട്ട്.**

| | | |
|---|---|---|
| 14 | മണിക്കൂർ | |
| 1 | മണിക്കൂർ | 15 മിനുട്ട് |
| 15 | മണിക്കൂർ | 15 മിനുട്ട് |

എന്ന് കിട്ടും.

? നഗരത്തിലെ സർക്കസ് പ്രദർശനം മതിയാക്കി രാജുവിന്റെ സർക്കസ് കമ്പനി മറ്റൊരു നഗരത്തിലേക്ക് യാത്ര തിരിച്ചു. 10:45 pm ന് പുറപ്പെട്ട ഇവർ 7:30 am ന് പുതിയ സ്ഥലത്ത് എത്തിച്ചേർന്നു. എങ്കിൽ യാത്രയ്ക്ക് എത്ര സമയം എടുത്തു?

ഞാൻ കണ്ടെത്തിയ രീതി






? കോയമ്പത്തൂരിൽ നിന്ന് 22:30 ന് പുറപ്പെടുന്ന ഒരു ബസ് അടുത്തദിവസം രാവിലെ 4:15 ന് കോഴിക്കോട് എത്തിച്ചേരുന്നു. ബസ് യാത്രയ്ക്ക് എടുത്ത സമയമെത്ര?

- എങ്ങനെ കണ്ടെത്തും?
- എന്തൊക്കെ വിവരങ്ങൾ തന്നിട്ടുണ്ട്?
- 24 മണിക്കൂർ ക്ലോക്കിലെ സമയമാണ് നൽകിയത്.
- നൽകിയ സമയത്തെ am, pm എന്ന രീതിയിലേക്ക് മാറ്റിയാലോ?
- 22:30 എന്നത് 10:30 pm ആണല്ലോ? എങ്കിൽ
  - 10:30 pm മുതൽ രാത്രി 12 മണിവരെ → ഒരു മണിക്കൂർ 30 മിനുട്ട്
  - രാത്രി 12 മണിമുതൽ 4:15 am വരെ → നാല് മണിക്കൂർ 15 മിനുട്ട്




► 1 മണിക്കൂർ 30 മിനുട്ട്
► 4 മണിക്കൂർ 15 മിനുട്ട്

---

? ബംഗലൂരുവിൽനിന്ന് 22:15 ന് പുറപ്പെടുന്ന സൂപ്പർഫാസ്റ്റ് ബസ് പിറ്റേ ദിവസം രാവിലെ 6:45 ന് കണ്ണൂരിൽ എത്തിച്ചേരും. ഈ ബസ് യാത്രയ്ക്കെടുത്ത സമയം എത്ര?

ഞാൻ കണ്ടെത്തിയ രീതി





❓ രാവിലെ 9 മണിക്ക് പുറപ്പെട്ട വിനോദയാത്രാബസ് പിറ്റേദിവസം രാവിലെ 9 മണിക്ക് ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു. എങ്കിൽ യാത്രയ്ക്ക് എത്ര സമയം എടുത്തു?

❓ വൈദ്യുതിക്ഷാമം കണക്കിലെടുത്ത് 8 am മുതൽ 14 മണിക്കൂർ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തി. എങ്കിൽ വൈദ്യുതിനിയന്ത്രണം അവസാനിക്കുന്ന സമയം ഏത്?

## പട്ടിക പൂർത്തിയാക്കാം

യാത്രയ്ക്ക് എടുത്ത സമയം കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| വണ്ടി നമ്പർ | തീവണ്ടിയുടെ പേര് | പുറപ്പെടുന്ന സമയം | എത്തിച്ചേരുന്ന സമയം | യാത്രയ്ക്കെടുത്ത സമയം |
|---|---|---|---|---|
| 16650 | നാഗർകോവിൽ-മംഗലാപുരം എക്സ്പ്രസ് | 4:20 | 20:25 | |
| 22607 | എറണാകുളം-ബാംഗ്ലൂർ എക്സ്പ്രസ് | 17:00 | അടുത്ത ദിവസം 4:20 | |
| 12623 | ചെന്നൈ-തിരുവനന്തപുരം മെയിൽ | 19:45 | അടുത്ത ദിവസം 11:45 | |
| 16347 | തിരുവനന്തപുരം-മംഗലാപുരം എക്സ്പ്രസ് | 20:40 | അടുത്ത ദിവസം 10:55 | |
| 12081 | കണ്ണൂർ-തിരുവനന്തപുരം ജനശതാബ്ദി എക്സ്പ്രസ് | 4:45 | | 9 മണിക്കൂർ |
| 56650 | കണ്ണൂർ-കോയമ്പത്തൂർ സൂപ്പർഫാസ്റ്റ് | 5:45 | | 7 മണിക്കൂർ 40 മിനുട്ട് |

❓ ഏത് ട്രെയിനാണ് യാത്രയ്ക്ക് കൂടുതൽ സമയം എടുത്തത്? കുറവോ?

## കലണ്ടർ നോക്കാം



- കലണ്ടറിൽ ഏതൊക്കെ വർഷങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്?

| ശകവർഷം | | |
|---|---|---|

- ഈ വർഷങ്ങളിലെ മാസങ്ങളും ഓരോ മാസത്തിലെ ദിവസങ്ങളുടെ എണ്ണവും തരംതിരിച്ച് എഴുതുക.
- ഒരു വർഷത്തിൽ ആകെ എത്ര ദിവസങ്ങളുണ്ട്?
- കലണ്ടറിൽ ഓരോ വർഷത്തിന്റെയും തീയതികൾ രേഖപ്പെടുത്തിയത് എവിടെയൊക്കെയാണ്?
- അടുത്തവർഷം ജനുവരി 1-ാം തീയതി ഏത് ദിവസമാണ്?



ഈ വർഷത്തെ ഇംഗ്ലീഷ് തീയതികളിലെ മറ്റ് വർഷ തീയതികൾ കളങ്ങളിൽ എഴുതുക.

| ഇംഗ്ലീഷ് വർഷം | ആഗസ്റ്റ് 15 | ഒക്ടോബർ 2 | നവംബർ 14 |
|---|---|---|---|
| ശകവർഷം | | | |
| കൊല്ലവർഷം | | | |
| ഹിജ്റ വർഷം | | | |

- ഈ വർഷം 5 ഞായറാഴ്ചകൾ ഉള്ള മാസങ്ങൾ ഏതൊക്കെ?
- 1-ാം തീയതി ബുധനാഴ്ചയെങ്കിൽ 28-ാം തീയതി ഏത് ദിവസമായിരിക്കും?
- 15-ാം തീയതി ഞായറാഴ്ചയായ എത്ര മാസങ്ങൾ ഈ വർഷമുണ്ട്? ആ മാസങ്ങളിലെ 1-ാം തീയതി ഏത് ദിവസമായിരിക്കും?

## ജന്മദിനം

? നിങ്ങളുടെ ജന്മദിനം എന്നാണ്?

? അത് ഈ വർഷം ഏത് ദിവസമാണ്?

? ഈ വർഷം നിങ്ങളുടെ ജന്മദിനം കൊല്ലവർഷത്തിലെ ഏത് തീയതിയാണ്?

ഇതുപോലെ നിങ്ങളുടെ വീട്ടിലെ മറ്റ് അംഗങ്ങളുടെ ജന്മദിനം കണ്ടെത്തി എഴുതൂ.

| ക്രമ നമ്പർ | അംഗങ്ങൾ | ജനന തീയതി | ഈ വർഷത്തെ ദിവസം | കൊല്ലവർഷം മാസം തീയതി |
|---|---|---|---|---|
| 1 | മുത്തച്ഛൻ | | | |
| 2 | മുത്തശ്ശി | | | |
| 3 | അച്ഛൻ | | | |
| 4 | | | | |
| 5 | | | | |

- ഒരു കലണ്ടറിന്റെ ഭാഗമാണ് കൊടുത്തിട്ടുള്ളത്. ചോദ്യചിഹ്നം ചേർത്തിരിക്കുന്ന കളത്തിലെ തീയതി എത്ര?

| | | | | | | |
|---|---|---|---|---|---|---|
| | | | 16 | 17 | | |
| | | | | | ? | |

**ഫെബ്രുവരി 2012**

| SUN ഞായർ | MON തിങ്കൾ | TUE ചൊവ്വ | WED ബുധൻ | THU വ്യാഴം | FRI വെള്ളി | SAT ശനി |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | | | |

**ഫെബ്രുവരി 2013**

| SUN ഞായർ | MON തിങ്കൾ | TUE ചൊവ്വ | WED ബുധൻ | THU വ്യാഴം | FRI വെള്ളി | SAT ശനി |
|---|---|---|---|---|---|---|
| | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | | |

**ഫെബ്രുവരി 2014**


| SUN ഞായർ | MON തിങ്കൾ | TUE ചൊവ്വ | WED ബുധൻ | THU വ്യാഴം | FRI വെള്ളി | SAT ശനി |
|---|---|---|---|---|---|---|
| | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | |

**ഫെബ്രുവരി 2015**

| SUN ഞായർ | MON തിങ്കൾ | TUE ചൊവ്വ | WED ബുധൻ | THU വ്യാഴം | FRI വെള്ളി | SAT ശനി |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |

**ഫെബ്രുവരി 2016**

| SUN ഞായർ | MON തിങ്കൾ | TUE ചൊവ്വ | WED ബുധൻ | THU വ്യാഴം | FRI വെള്ളി | SAT ശനി |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | | | | | |




- 2016 ഫെബ്രുവരിയിലെ കലണ്ടർ കണ്ടല്ലോ. അടുത്ത അധിവർഷം ഏത് വർഷമായിരിക്കും? ആ വർഷത്തെ ഫെബ്രുവരി മാസത്തെ കലണ്ടർ തയാറാക്കൂ. (2020 ഫെബ്രുവരി 1 ശനിയാഴ്ചയാണ്.)

## സമയരേഖ

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെക്കുറിച്ച് ഒരു സമയരേഖ തയാറാക്കാം.

ഗാന്ധിജിയുടെ ജന്മദിനം ..............

1887 ൽ മെട്രിക്കുലേഷൻ പാസായി

1915 ൽ ദക്ഷിണാഫ്രിക്കയിൽനിന്ന് ഇന്ത്യയിൽ തിരിച്ചെത്തി

1893 ൽ ദക്ഷിണാഫ്രിക്കയിൽ ജോലി സംബന്ധമായി എത്തിച്ചേർന്നു

1930 ൽ ഉപ്പുസത്യഗ്രഹത്തിന്റെ ഭാഗമായി ദണ്ഡിയാത്ര

1917 ജൂണിൽ സബർമതി ആശ്രമം സ്ഥാപിച്ചു

1920 ൽ ഗാന്ധിജി ആദ്യമായി കേരളത്തിലെത്തി.



ചൗരിചൗരാസംഭവം നടന്നത് 1922 ലാണ്

1891 ൽ അഭിഭാഷകൻ

1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വതന്ത്രയായി

1888 ൽ ഉന്നതപഠനത്തിനായി ഇംഗ്ലണ്ടിലേക്ക്

'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' - ക്വിറ്റിന്ത്യാ സമരം 1942 ൽ

ഗാന്ധിജി രക്തസാക്ഷിത്വം വരിച്ചത് 1948 ജനുവരി 30 വെള്ളിയാഴ്ച

ഗാന്ധിജിയുടെ ഇന്ത്യയിലെ ആദ്യ സത്യഗ്രഹം 1917 ഏപ്രിൽ മാസത്തിൽ ചമ്പാരനിൽ നടന്നു.

ഗാന്ധിജിയെക്കുറിച്ച് വായിച്ചല്ലോ? കാലക്രമം അനുസരിച്ച് ഓരോ വട്ടത്തിലും നമ്പർ നൽകൂ. അവ ഒരു സമയരേഖയിൽ എടുത്ത് എഴുതൂ.

- ഗാന്ധിജിയുടെ ഈ വർഷത്തെ ജന്മദിനം വരുന്നത് കൊല്ലവർഷത്തിലെ ഏത് മാസമാണ്? തീയതിയോ? ______
- ഗാന്ധിജിയുടെ എത്രാമത്തെ പിറന്നാൾദിനമാണ് ഈ വർഷത്തേത്? ______

## അന്വേഷിച്ച് കണ്ടെത്താം, തയാറാക്കാം



- വിളക്ക് വച്ച നേരം, കിഴക്ക് വെള്ള കീറി, ത്രിസന്ധ്യ, പുലർച്ചെ, അന്തി മയങ്ങും വരെ തുടങ്ങി നിരവധി പ്രയോഗങ്ങൾ നമ്മുടെ നാട്ടിൽ സമയവുമായി ബന്ധപ്പെടുത്തി പ്രചാരത്തിലുണ്ട്. നിങ്ങളുടെ നാട്ടിലും മറ്റും ഇത്തരത്തിലുള്ള പ്രയോഗങ്ങൾ ഉണ്ടാവാം. അവ അന്വേഷിച്ച് കണ്ടെത്തി അതിന്റെ സന്ദർഭവും അർഥവും ഒരു പ്രോജക്ടായി അവതരിപ്പിക്കൂ.
- ഉണ്ണിക്കുട്ടന്റെ കൈയിൽനിന്ന് ക്ലോക്ക് താഴെ വീണു. അതിന്റെ ഡയൽ മൂന്ന് കഷണങ്ങളായി. എന്നാൽ അതിന്റെ ഓരോ ഭാഗത്തിലെയും അക്കങ്ങൾ കൂട്ടിയപ്പോൾ ഒരേ തുകയാണ് ലഭിച്ചത്. ഇത് ചിത്രീകരിക്കാമോ?
- ക്ലോക്കിലെ അക്കങ്ങളുടെ തുക തുല്യമായി വരുന്ന രീതിയിൽ, ക്ലോക്കിനെ 6 ഭാഗമായി ചിത്രീകരിക്കാമോ?

## കലണ്ടർ കൗതുകം

| SUN ഞായർ | MON തിങ്കൾ | TUE ചൊവ്വ | WED ബുധൻ | THU വ്യാഴം | FRI വെള്ളി | SAT ശനി |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | | | | |

- 9 കളങ്ങളിലെ സംഖ്യകളുടെ ആകെ തുക എത്ര?
- ഇതുപോലെ മറ്റൊന്ന് വരച്ച് തുക കണ്ടെത്തൂ.
- നിങ്ങൾ ഉത്തരം കണ്ടെത്തിയ വഴി പറയാമോ?

- സംഖ്യകളെ കുത്തനെയും വിലങ്ങനെയും കൂട്ടി നോക്കൂ.
- ഇതുപോലെ മറ്റൊന്ന് വരച്ച് തുക കണ്ടെത്തൂ.
- എന്ത് പ്രത്യേകതയാണ് നിങ്ങൾ കണ്ടെത്തിയത്?

■ ഒരു കലണ്ടറിന്റെ ഭാഗമാണ് താഴെ കൊടുത്തിട്ടുള്ളത്. മാഞ്ഞുപോയ തീയതികൾ കണ്ടെത്തി എഴുതൂ.

| | | | |
|---|---|---|---|
| | | 11 | 12 |
| | | 18 | 19 |
| | | | |
| | | | |

- നിഷ രാത്രി 9 മണിക്ക് ഉറങ്ങാൻ കിടന്നു. രാവിലെ 5 മണിക്ക് എഴുന്നേറ്റു. അവൾ ആകെ എത്ര മണിക്കൂർ ഉറങ്ങി?
- 28 ാം തീയതി ബുധനാഴ്ച ആണെങ്കിൽ അതേ മാസം 7 ാം തീയതി ഏത് ദിവസമായിരിക്കും?
- 2013 ഫെബ്രുവരി 1 ാം തീയതി വെള്ളിയാഴ്ച ആണ്. ഈ മാസം എത്ര വെള്ളിയാഴ്ചകൾ ഉണ്ട്?

# 3 ആയിരങ്ങൾ ചേരുമ്പോൾ

## വീണ്ടും വിദ്യാലയത്തിലേക്ക്

സ്കൂൾ തുറന്നു. പി.ടി.എ.യുടെ വകയായി എല്ലാവർക്കും ലഡു വിതരണം ചെയ്യുന്നുണ്ട്.




അനുവും സനുവും ടീച്ചറോട് പറഞ്ഞത് കേട്ടല്ലോ?

ആകെ എത്ര ലഡുവാണ് അവർ വിതരണം ചെയ്തത്?



ഞാൻ കണ്ടെത്തിയ രീതി



കൂട്ടുകാർ കണ്ടെത്തിയ രീതി

## സ്കൂൾ ഡയറി

■ സ്കൂളിൽ വിതരണത്തിനായി 3 പായ്ക്കറ്റിലായാണ് ഡയറികൾ കൊണ്ടുവന്നത്. ഡയറികളുടെ എണ്ണം പായ്ക്കറ്റുകളുടെ പുറത്ത് എഴുതിയിട്ടുണ്ട്.




? ആകെ ഡയറികളുടെ എണ്ണം എത്ര?

....... + ....... + ....... = .........

ഇതുപോലെ 1000 ഡയറി നിങ്ങളും മൂന്ന് പായ്ക്കറ്റിലാക്കൂ. ഓരോ പായ്ക്കറ്റിലും എത്രയെണ്ണമുണ്ട്?

....... + ....... + ....... = 1000

നിങ്ങളുടെ കൂട്ടുകാരനോ?

? സനുവും ഇതുപോലെ ഡയറികൾ 3 പായ്ക്കറ്റിലാക്കി. ഓരോ പായ്ക്കറ്റിലുമുള്ള ഡയറികളുടെ എണ്ണം 325നും 340നും ഇടയിലായിരുന്നു. എങ്കിൽ ഒരോ പായ്ക്കറ്റിലും എത്രയെണ്ണം വീതമാകാം?

☐ + ☐ + ☐ = ☐

1000 ഡയറി 4 പായ്ക്കറ്റിലാക്കിയാൽ ഓരോന്നിലും എത്രയെണ്ണം വീതമാകാം?


☐ ☐ ☐ ☐




## പച്ചക്കറിത്തോട്ടം

■ സ്കൂളിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കാൻ കുട്ടികൾ 1232 രൂപയും അധ്യാപകർ 1425 രൂപയും നൽകി. എങ്കിൽ ആകെ എത്ര രൂപ കിട്ടി?



| | | | | |
|---|---|---|---|---|
| കുട്ടികളിൽ നിന്ന് കിട്ടിയത് |  |  |  |  |
| അധ്യാപകരിൽ നിന്ന് കിട്ടിയത് |  |  |  |  |
| ആകെ |  |  |  |  |
| | 2 ആയിരം | 6 നൂറ് | 5 പത്ത് | 7 ഒന്ന് |

ക്രിയാരൂപം

$$\begin{array}{r} 1232 + \\ 1425 \\ \hline 2657 \end{array}$$

## കുടിവെള്ളം



■ കുട്ടികൾക്ക് തിളപ്പിച്ചാറ്റിയ കുടിവെള്ളം നൽകാൻ 3485 രൂപ വിലയുള്ള വലിയ പാത്രങ്ങളും കറികൾ വിളമ്പാൻ 2145 രൂപ വിലയുള്ള സ്റ്റീൽ ബക്കറ്റുകളും ഉച്ചഭക്ഷണ കമ്മിറ്റിക്ക് പി.ടി.എ. വാങ്ങിക്കൊടുത്തു. ഇവ വാങ്ങാനായി ആകെ എത്ര രൂപ ചെലവായി?

| | | | | |
|---|---|---|---|---|
| പാത്രങ്ങളുടെ വില |  |  |  |  |
| ബക്കറ്റുകളുടെ വില |  |  |  |  |
| ആകെ |  |  |  |  |
| | 5 ആയിരം | 5 നൂറ് | 12 പത്ത് | 10 ഒന്ന് |
| | | (1) | (1) | |
| | 5 ആയിരം | 6 നൂറ് | (1) 3 പത്ത് | (1) 0 ഒന്ന് |
| | 5 ആയിരം | 6 നൂറ് | 3 പത്ത് | 0 ഒന്ന് |

ഇതിനെ ഇങ്ങനെ എഴുതാം.

| ആയിരം | നൂറ് | പത്ത് | ഒന്ന് |
|---|---|---|---|
| | 1 | 1 | |
| 3 | 4 | 8 | 5 |
| 2 | 1 | 4 | 5 |
| 5 | 6 | 1 3 | 1 0 |

\+

| മനക്കണക്കായി കണ്ടെത്തൂ |
|---|
| 1500 + 1500 = ......... |
| 2500 + 2500 = ......... |
| 3500 + 3500 = ......... |
| 1250 + 1250 = ......... |
| 1450 + 1450 = ......... |

ക്രിയാരൂപം

```
 1 1
 3485 +
 2145
 ----
 5630
```

## ബാങ്കിലേക്ക്

■ പഠനസഹായനിധിയിലേക്ക് കിട്ടിയ പണം ബാങ്കിലടയ്ക്കാൻ തീരുമാനിച്ചു.




ആകെ എത്ര രൂപ ലഭിച്ചു?

എങ്ങനെ കണ്ടെത്തും?

- എൽ.പി. വിഭാഗത്തിൽ നിന്ന് കിട്ടിയത്. [ ]
- യു.പി. വിഭാഗത്തിൽ നിന്ന് കിട്ടിയത്. [ ]

എൽ.പി. വിഭാഗത്തിൽ നിന്ന്



യു.പി. വിഭാഗത്തിൽ നിന്ന്



ആകെ



| | | | | |
|---|---|---|---|---|
| അതായത്, | 7 ആയിരം | 14 നൂറ് | 13 പത്ത് | 12 ഒന്ന് |
| | (1) ← | (1) ← | (1) ← | |
| ഇതിനെ | 8 ആയിരം | (1) 5 നൂറ് | (1) 4 പത്ത് | (1) 2 ഒന്ന് |
| | 8 ആയിരം | 5 നൂറ് | 4 പത്ത് | 2 ഒന്ന് |


ഇത് ഇങ്ങനെ എഴുതാം.

| ആയിരം | നൂറ് | പത്ത് | ഒന്ന് | |
|---|---|---|---|---|
| (1) | (1) | (1) | | |
| 3 | 6 | 9 | 5 | + |
| 4 | 8 | 4 | 7 | |
| 8 | (1) 5 | (1) 4 | (1) 2 | |

ക്രിയാരൂപം

```
 111
 3695 +
 4847
 ----
 8542
```

## നോട്ടുബുക്ക്




സ്കൂളിൽ 'നന്മ' ക്ലബിന്റെ വകയായി വരയില്ലാത്ത 2345 നോട്ടുബുക്കും വരയുള്ള 4678 നോട്ടുബുക്കും വിതരണം ചെയ്തു.

ആകെ എത്ര നോട്ടുബുക്കുകൾ വിതരണം ചെയ്തു?

- എങ്ങനെ കണ്ടെത്തും?

  2345 ഉം 4678 ഉം കൂട്ടിയാൽ മതി.

**2345 + 4678**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2345 | = | 2000 | + 300 | + 40 | + 5 | | | 6000 + |
| 4678 | = | 4000 | + 600 | + 70 | + 8 | | | 900 |
| | | | | | | | | 110 |
| | | 6000 | + 900 | + 110 | + 13 | → | | 13 |
| | | | | | | | | 7023 |

| | | | | |
|---|---|---|---|---|
| 2300 | + | 45 | | 6900 |
| 4600 | + | 78 | | 123 |
| 6900 | + | 123 | → | 7023 |


| | | | | |
|---|---|---|---|---|
| 2340 | + | 5 | | 7010 + |
| 4670 | + | 8 | | 13 |
| 7010 | + | 13 | → | 7023 |

```
2345 +
4678
----
  13
 110
 900
6000
----
7023
```

```
(1)(1)(1)
 2  3  4  5 +
 4  6  7  8
------------
7 (10) (12) (13)
```

```
 1 1 1
 2 3 4 5 +
 4 6 7 8
--------
 7 0 2 3
```


**മനക്കണക്കായി ചെയ്ത് നോക്കൂ**




## കസേരയും മേശയും



■ വിദ്യാലയത്തിലേക്ക് പുതുതായി വാങ്ങിയ കസേരകൾക്ക് 2980 രൂപയും മേശകൾക്ക് 6420 രൂപയുമായി. ആകെ എത്ര രൂപ ചെലവായി? എങ്ങനെ കണ്ടെത്തും?











## ഉച്ചഭക്ഷണം

? ഉച്ചഭക്ഷണത്തിനായി ജൂലായ് മാസത്തിൽ 1850 കിലോഗ്രാം അരിയും ആഗസ്റ്റ് മാസത്തിൽ 2050 കിലോഗ്രാം അരിയുമാണ് കിട്ടിയത്. ആകെ എത്ര കിലോഗ്രാം അരി ലഭിച്ചു?



## സമ്പാദ്യം


❓ ജൂൺ മാസത്തിൽ 1400 രൂപയും ജൂലായ് മാസത്തിൽ 1650 രൂപയും അനു ബാങ്കിൽ നിക്ഷേപിച്ചു. കൂട്ടുകാരി സനുവിന് ജൂൺ മാസത്തിലെ നിക്ഷേപം അനുവിനേക്കാൾ 175 രൂപ കൂടുതലായിരുന്നു. എന്നാൽ ജൂലായ് മാസത്തിൽ അനുവിനേക്കാൾ 75 രൂപ കുറവായിരുന്നു. എങ്കിൽ ഓരോരുത്തരുടെയും നിക്ഷേപമെത്ര? ആരുടേതാണ് കൂടുതൽ?

എങ്ങനെ കണ്ടെത്തും?

-
-

1 മുതൽ 8 വരെയുള്ള സംഖ്യകൾ താഴെകൊടുത്ത കളങ്ങളിൽ എഴുതണം.

എന്നാൽ അടുത്തടുത്ത സംഖ്യകൾ അടുത്തടുത്ത കളങ്ങളിൽ വരാൻ പാടില്ല.





| ഞാൻ എന്നെക്കുറിച്ച് | അതെ | അല്ല |
|---|---|---|
| പ്രശ്നപരിഹരണത്തിന് ഏതൊക്കെ ക്രിയകളാണ് ചെയ്യേണ്ടതെന്ന് മനസ്സിലായി. | | |
| രണ്ടാമത്തെ ആളിന്റെ നിക്ഷേപം എങ്ങനെ എളുപ്പത്തിൽ കണ്ടെത്താൻ കഴിയുമെന്ന് മനസ്സിലായി. | | |
| ക്രിയ ചെയ്തത് ശരിയാണെന്ന് ഞാൻ ഉറപ്പുവരുത്തിയിട്ടുണ്ട്. | | |
| ഉത്തരത്തിലെത്തിയ രീതിയും ക്രിയാരീതിയും എനിക്ക് പറയാൻ കഴിയും. | | |

## വില്പന



| ദിവസം | വില്പന |
|---|---|
| തിങ്കൾ | 2040 രൂപ |
| ചൊവ്വ | 865 രൂപ |
| ബുധൻ | 2025 രൂപ |
| വ്യാഴം | 1890 രൂപ |
| വെള്ളി | 2400 രൂപ |

■ സ്കൂൾ സ്റ്റോറിലെ ഒരാഴ്ചയിലെ വില്പന നോക്കൂ.

- ആഴ്ചയിലെ ആദ്യത്തെ രണ്ടു ദിവസങ്ങളിൽ ആകെ എത്ര രൂപയുടെ വില്പന നടന്നു? [ ]
- ആഴ്ചയിലെ അവസാനത്തെ രണ്ടുദിവസങ്ങളിൽ ആകെ എത്ര രൂപയുടെ വില്പന നടന്നു? [ ]
- ആകെ എത്ര രൂപയുടെ വില്പനയാണ് ആ ആഴ്ച നടന്നത്? [ ]
- ഏറ്റവും കൂടുതൽ വില്പന നടന്നത് ഏതു ദിവസമാണ്? [ ]
- സ്കൂൾ സ്റ്റോറിലെ ഓരോ ദിവസത്തെയും വിറ്റുവരവ് ക്രമമായി എഴുതുക.

## ഉച്ചഭക്ഷണം

സ്കൂളിൽ ഉച്ചഭക്ഷണം തയാറാക്കാൻ വാങ്ങിയ പച്ചക്കറിയുടെ വില നോക്കൂ. ജൂൺ മാസത്തിൽ 2725 രൂപയുടെ പച്ചക്കറി വാങ്ങി. ആഗസ്റ്റ് മാസത്തിൽ ജൂൺ മാസത്തെക്കാൾ 675 രൂപ അധികവും ജൂലായ് മാസത്തിൽ ആഗസ്റ്റ് മാസത്തെക്കാൾ 175 രൂപ കുറവും ആയിരുന്നു. സെപ്തംബർ മാസത്തിൽ ജൂൺ മാസത്തെക്കാൾ 275 രൂപ കൂടുതലുമായിരുന്നു.

- ഓരോ മാസത്തിലും എത്ര രൂപയുടെ പച്ചക്കറി വാങ്ങി?
- ഏത് മാസത്തിലാണ് കൂടുതൽ ചെലവായത്? കുറവോ?
- നാല് മാസത്തേക്ക് വാങ്ങിയ പച്ചക്കറിയുടെ ആകെ വില എത്ര?

## സൗജന്യ അരി വിതരണം

ഓണത്തോട് അനുബന്ധിച്ച് സൗജന്യമായി 5 കിലോഗ്രാം അരി നൽകുന്നു.




- ആകെ എത്ര കിലോഗ്രാം അരിയാണ് വിതരണത്തിന് കൊണ്ടുവന്നത്? [ ]

രണ്ടു ദിവസംകൊണ്ട് 5000 കിലോഗ്രാം അരി വിതരണം നടത്തി. ആദ്യത്തെ ദിവസത്തേക്കാൾ 1000 കിലോഗ്രാം കൂടുതലാണ് രണ്ടാംദിവസം വിതരണം ചെയ്തത്.

- എങ്കിൽ ഓരോ ദിവസവും എത്ര കിലോഗ്രാം അരി വിതരണം ചെയ്തു?

## പാൽ വിതരണം

■ വിദ്യാലയത്തിലേക്ക് പാൽ നൽകുന്നത് ക്ഷീരകർഷകസംഘമാണ്.

? ക്ഷീരസംഘത്തിന് രണ്ടാഴ്ചയിലും കൂടി ആകെ എത്ര രൂപ നൽകണം?




■ പാറ്റേൺ പൂർത്തിയാക്കാം

- 1221, 1222, 1223, 1224, .........., .........., ..........
- 1221, 1231, 1241, 1251, .........., .........., ..........
- 1221, 1321, 1421, 1521, .........., .........., ..........
- 1221, 2221, 3221, 4221, .........., .........., ..........
- 1221, 1232, 1243, 1254, .........., .........., ..........
- 1221, 1332, 1443, 1554, .........., .........., ..........,
- 1221, 2332, 3443, 4554, .........., .........., ..........,

■ 4325 ൽ തുടങ്ങുന്ന 4 വ്യത്യസ്ത പാറ്റേണുകൾ നിർമിക്കൂ.

താഴെ കൊടുത്തിരിക്കുന്ന സംഖ്യകൾ ഉപയോഗിച്ച് ഒരു മാന്ത്രികചതുരം നിർമിക്കൂ.

1054, 3390, 2806, 1638, 3098, 2514, 1930, 1346, 2222

| | | |
|---|---|---|
| | | |
| | 2222 | |
| | | |

**മനക്കണക്കായി കണ്ടെത്താം**

450 + 475 = 450 + 450 + 25

രണ്ട് 450 ഉം പിന്നെ ഒരു 25 ഉം = 925

1500 + 1525 = ?

2500 + 2547 = ?

1250 + 1270 = ?

1450 + 1350 = ?

## മാന്ത്രികചതുരം


■ മാന്ത്രിക ചതുരത്തിൽ ഒരു കളത്തിലെ സംഖ്യ മാത്രം ശരിയല്ല. ആ സംഖ്യ ഏതാണെന്ന് കണ്ടുപിടിക്കൂ. [    ]

| | | |
|---|---|---|
| 4150 | 1875 | 3500 |
| 2525 | 3175 | 3825 |
| 4850 | 4475 | 2200 |

? കളങ്ങൾ വിലങ്ങനെയും കുത്തനെയും കോണോടുകോണും കൂട്ടിനോക്കൂ.

## വസ്ത്രമേള

| | |
|---|---|
| സൽവാർ കമ്മീസ് | 1340 രൂപ, 1280 രൂപ, 1400 രൂപ |
| ചുരിദാർ | 1525 രൂപ, 1600 രൂപ, 1575 രൂപ |
| സാരി | 1775 രൂപ, 1975 രൂപ, 1860 രൂപ |



| സുലൈഖ | അഞ്ജു | ലിസി |
|---|---|---|
| | | |
| | | |
| 3500 | 3200 | 3350 |

? സുലൈഖയുടെ കൈയിൽ 3500 രൂപയും അഞ്ജുവിന്റെ കൈയിൽ 3200 രൂപയും ലിസിയുടെ കൈയിൽ 3350 രൂപയും ഉണ്ട്. കൈവശമുള്ള മുഴുവൻ രൂപയും നൽകി അവർ ഓരോരുത്തരും രണ്ട് വീതം തുണിത്തരങ്ങൾ വാങ്ങി. ഏതൊക്കെയായിരിക്കും അവ?

? മൂന്നിനങ്ങളും ഓരോന്നുവീതം വാങ്ങിയാൽ ഏറ്റവും കുറഞ്ഞത് എത്ര രൂപയാകും? [    ]

## മൂന്നെണ്ണം വാങ്ങാം

സാരംഗിന്റെ കൈവശം 8000 രൂപയുണ്ട്.



- മിക്സി 3450 രൂപ
- ടോർച്ച് 1305 രൂപ
- ഇസ്തിരിപ്പെട്ടി 1000 രൂപ
- പ്രഷർ കുക്കർ 3755 രൂപ
- ഗ്യാസ് സ്റ്റൗ 3245 രൂപ
- ഫാൻ 3550 രൂപ

? കൈവശമുള്ള മുഴുവൻ തുകയും നൽകി സാരംഗ് 3 സാധനങ്ങൾ വാങ്ങി. ഏതൊക്കെയായിരിക്കും അവ?

ഞാൻ കണ്ടെത്തിയ രീതി






? 1 മുതൽ 10 വരെയുള്ള തുടർച്ചയായ എണ്ണൽസംഖ്യകളുടെ തുക എത്രയാണ്?

? 11 മുതൽ 20 വരെയുള്ള തുടർച്ചയായ എണ്ണൽസംഖ്യകളുടെ തുകയോ? നിങ്ങൾ എങ്ങനെയാണ് കണ്ടെത്തിയത്?

? 41 മുതൽ തുടർച്ചയായ 10 എണ്ണൽസംഖ്യകളുടെ തുക എത്ര?

## നിക്ഷേപം

ബാബുവിന് 1420 രൂപയുടെയും നാഫിയയ്ക്ക് 1580 രൂപയുടെയും ജോണിക്ക് 1605 രൂപയുടെയും ബാങ്ക് നിക്ഷേപമുണ്ട്. ബാബുവിന്റെയും നാഫിയയുടെയും നിക്ഷേപത്തിന്റെ ആകെ തുകയുടെ പകുതിയാണ് സിത്താരയുടെ നിക്ഷേപം.

ജോണിയുടെയും നാഫിയയുടെയും ആകെ നിക്ഷേപത്തിനോട് 120 രൂപ കൂട്ടിയാൽ ബിന്ദുവിന്റെ നിക്ഷേപമായി.

സിത്താരയുടെയും ബിന്ദുവിന്റെയും നിക്ഷേപത്തിന്റെ ആകെ തുകയ്ക്ക് തുല്യമാണ് താഹിറയുടെ നിക്ഷേപം.

? എങ്കിൽ താഹിറയുടെ നിക്ഷേപം എത്ര?

തന്നിട്ടുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി കൂട്ടുകാരനോട് ചോദിക്കാൻ ചില ചോദ്യങ്ങൾ തയാറാക്കൂ.

- കുറഞ്ഞ നിക്ഷേപം ആരുടേതാണ്?
- 
- 
- 

### വലുതും ചെറുതും

ഏറ്റവും വലിയ രണ്ടക്കസംഖ്യയും ഏറ്റവും വലിയ ഒരക്കസംഖ്യയും കൂട്ടിയാൽ

99 + 9 = .........

ഏറ്റവും വലിയ മൂന്നക്കസംഖ്യയും ഏറ്റവും വലിയ രണ്ടക്കസംഖ്യയും കൂട്ടിയാൽ

........... + ........... = ...................

ഏറ്റവും വലിയ നാലക്കസംഖ്യയും ഏറ്റവും വലിയ മൂന്നക്കസംഖ്യയും കൂട്ടിയാലോ?

........... + ........... = ...................

ഏറ്റവും വലിയ രണ്ടക്കസംഖ്യയും ഏറ്റവും ചെറിയ രണ്ടക്കസംഖ്യയും കൂട്ടിയാൽ

99 + 10 = 109

ഏറ്റവും വലിയ മൂന്നക്കസംഖ്യയും ഏറ്റവും ചെറിയ മൂന്നക്കസംഖ്യയും കൂട്ടിയാൽ

999 + 100 = .........

ഏറ്റവും വലിയ നാലക്കസംഖ്യയും ഏറ്റവും ചെറിയ നാലക്കസംഖ്യയും കൂട്ടിയാലോ?

......... + ......... = .........


## വികസന നിധി

❓ സ്കൂൾ വികസനനിധിയിലേക്ക് പി.ടി.എ. അംഗങ്ങൾ 5 ഗ്രൂപ്പുകളായി തിരിഞ്ഞ് സംഭാവന പിരിച്ചെടുത്തു. ഒന്നാമത്തെ ഗ്രൂപ്പിനെക്കാൾ 600 രൂപയും രണ്ടാമത്തെ ഗ്രൂപ്പിനെക്കാൾ 400 രൂപയും കൂടുതലായിരുന്നു മൂന്നാമത്തെ ഗ്രൂപ്പ് പിരിച്ചത്. എന്നാൽ 5-ാമത്തെ ഗ്രൂപ്പ് 4-ാമത്തെ ഗ്രൂപ്പിനെക്കാൾ 550 രൂപ കൂടുതലും 3-ാമത്തെ ഗ്രൂപ്പിന് 4-ാമത്തെ ഗ്രൂപ്പിനെക്കാൾ 200 രൂപ കുറവുമായിരുന്നു. 4-ാ മത്തെ ഗ്രൂപ്പ് 4200 രൂപയാണ് പിരിച്ചെടുത്തതെങ്കിൽ മറ്റു ഗ്രൂപ്പുകൾ പിരിച്ചെടുത്ത തുക എത്ര? ആകെ എത്ര രൂപ കിട്ടി?

### മനക്കണക്കായി കണ്ടെത്താം

- 3747 + 2836 = 6583 ആണ്. ചുവടെ തന്നിരിക്കുന്നവ മനക്കണക്കായി ചെയ്യുക.
  - 3749 + 2834 = ?
  - 3749 + 2839 = ?
  - 3746 + 2834 = ?
  - 3746 + 2839 = ?
- 5469 + 2537 = 8006 ആണ്.
  - 5437 + 2569 = ?
  - 5539 + 2467 = ?
  - 2569 + 5437 = ?

### കരു നീക്കിക്കളി




രണ്ടുപേർ തമ്മിലുള്ള കളി. ഏതെങ്കിലും ഒഴിഞ്ഞ കളത്തിൽ കരു വയ്ക്കാം. കളത്തിൽനിന്ന് തൊട്ടടുത്ത ഏത് കളത്തിലേക്കും കരു നീക്കാം. പക്ഷേ കോണോടുകോൺ നീക്കരുത്. നിറം കൊടുത്ത കളത്തിലേക്കും ഒരിക്കൽ നീക്കിയ കളത്തിലേക്കും നീക്കാൻ പാടില്ല. കരു നീക്കിയ കളങ്ങളിലെ സംഖ്യകൾ കൂട്ടിയതാണ് നിങ്ങളുടെ പോയിന്റ്. കൂടുതൽ പോയിന്റ് കിട്ടിയ ആൾ വിജയി.

## വിറ്റുവരവ്

ഓണത്തോടനുബന്ധിച്ച് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 3 സ്റ്റാളുകൾ 4 ദിവസം പ്രവർത്തിച്ചു. ആദ്യത്തെ സ്റ്റാളിൽനിന്ന് 3405, 3528, 3780, 3500 രൂപയും രണ്ടാമത്തെ സ്റ്റാളിൽനിന്ന് 2966, 3600, 4250, 3497 രൂപയും മൂന്നാമത്തെ സ്റ്റാളിൽനിന്ന് 2998, 3570, 4306, 3100 രൂപയുമാണ് നാലു ദിവസങ്ങളിലായി പിരിഞ്ഞുകിട്ടിയത്.




❓ ഏത് സ്റ്റാളിൽനിന്നാണ് കൂടുതൽ വരുമാനം ലഭിച്ചത്?


❓ ഏത് ദിവസമാണ് കൂടുതൽ വരുമാനം ലഭിച്ചത്?

# കൂട്ടലും കുറയ്ക്കലും

# 4

## ഇനിയെത്ര ദൂരം

പൂമല സ്കൂളിൽ നിന്നും തിരുവനന്തപുരത്തേക്ക് പഠനയാത്ര പോകുകയാണ്. സ്കൂളിൽ നിന്ന് തിരുവനന്തപുരത്തേക്ക് 496 കിലോമീറ്റർ ദൂരമുണ്ട്. 85 കിലോമീറ്റർ സഞ്ചരിച്ച് കോഴിക്കോട് എത്തിച്ചേർന്നു.




? ഇനി തിരുവനന്തപുരത്തെത്താൻ എത്ര ദൂരം കൂടി സഞ്ചരിക്കണം?

അവർ ഉച്ചഭക്ഷണം കഴിച്ചത് എറണാകുളത്ത് നിന്നാണ്. അപ്പോൾ കോഴിക്കോട് നിന്നും 188 കിലോമീറ്റർ സഞ്ചരിച്ചിരുന്നു.

? തിരുവനന്തപുരത്തേക്ക് ഇനി എത്ര ദൂരമുണ്ട്?

പഠനയാത്രയ്ക്ക് ശേഷം തിരിച്ചുപോയത് കോട്ടയം വഴിയാണ്. തിരുവനന്തപുരത്തു നിന്ന് കോട്ടയം വഴി പൂമലയിലേക്ക് 502 കിലോമീറ്ററുണ്ട്. തിരുവനന്തപുരത്തുനിന്ന് കോട്ടയത്തേക്ക് 151 കിലോമീറ്റർ ദൂരമുണ്ട്.

? കോട്ടയത്തുനിന്ന് പൂമലയിലെത്താൻ എത്ര കിലോമീറ്റർ സഞ്ചരിക്കണം?


## ഭക്ഷണ ചെലവ്

മൂന്ന് ദിവസത്തെ പഠനയാത്രയുടെ ഭക്ഷണത്തിനായി 8540 രൂപയാണ് കണക്കാക്കിയിരുന്നത്. ആദ്യ ദിവസത്തെ ഭക്ഷണത്തിന് 2326 രൂപ ചെലവായി?

? ബാക്കി എത്ര രൂപയുണ്ട്?

8540 –
2326

| | | | | | | |
|---|---|---|---|---|---|---|
| 8000 | + | 500 | + | 40 | – | |
| 2000 | + | 300 | + | 26 | | |
| 6000 | + | 200 | + | 14 | | |







6214 രൂപ ബാക്കിയുണ്ടാകും.

രണ്ടാമത്തെ ദിവസം 3344 രൂപ ചെലവായി.

ഇനി എത്ര രൂപ ബാക്കിയുണ്ട്?







6214 –
3344

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6000 | + | 200 | + | 10 | + | 4 | – | |
| 3000 | + | 300 | + | 40 | + | 4 | | |
| 6000 | + | 100 | + | 110 | + | 4 | – | |
| 3000 | + | 300 | + | 40 | + | 4 | | |
| 5000 | + | 1100 | + | 110 | + | 4 | – | |
| 3000 | + | 300 | + | 40 | + | 4 | | |
| **2000** | + | **800** | + | **70** | + | **0** | | |




2870 രൂപ ബാക്കിയുണ്ടാകും.

| ആയിരം | നൂറ് | പത്ത് | ഒന്ന് |
|---|---|---|---|
| | 1 | 10 | |
| 6 | 2 (1) | 1 | 4 |
| 3 | 3 | 4 | 4 |
| | | | |

→

| ആയിരം | നൂറ് | പത്ത് | ഒന്ന് |
|---|---|---|---|
| 6 | 1 | 11 | 4 |
| 3 | 3 | 4 | 4 |
| | | | |

→

| ആയിരം | നൂറ് | പത്ത് | ഒന്ന് |
|---|---|---|---|
| 5 | 10 | | |
| 6 (1) | 1 | 11 | 4 |
| 3 | 3 | 4 | 4 |
| | | | |

→

| ആയിരം | നൂറ് | പത്ത് | ഒന്ന് |
|---|---|---|---|
| 5 | 11 | 11 | 4 |
| 3 | 3 | 4 | 4 |
| 2 | 8 | 7 | 0 |

## ക്രിയാരൂപം


ഇതെല്ലാംകൂടി ഒരുമിച്ച് ചെയ്താലോ.

```
 5    11   11
 6(1) 2(1) 1   4  –
 3    3    4   4
 ---------------
 2    8    7   0
```

```
 6214 –
 3344
 ----
 2870
```

മൂന്നാമത്തെ ദിവസത്തേക്ക് 2870 രൂപ ബാക്കിയുണ്ട്.

### പ്രത്യേകത കണ്ടെത്തൂ




ഇതുപോലെ കുത്തുകളിട്ട്, തുടർന്നുവരുന്ന ചിത്രങ്ങളെ സൂചിപ്പിക്കുന്ന സംഖ്യകൾ ക്രമത്തിലെഴുതുക.

ഒരേ സ്ഥാനത്തുള്ള സംഖ്യകളിൽ വലുതിൽനിന്ന് ചെറുത് കുറച്ച് ക്രമത്തിലെഴുതുക.

ഉദാ: 1 – 1 = 0,

4 – 3 = 1

കിട്ടിയ പാറ്റേണിന്റെ പ്രത്യേകത എന്ത്?

❓ മൂന്നാമത്തെ ദിവസം ഭക്ഷണത്തിന് 3000 രൂപ ചെലവായി. ഭക്ഷണത്തിന് കണക്കാക്കിയിരുന്നതിനെക്കാൾ എത്ര രൂപ അധികം ചെലവായി?

2870 രൂപയാണ് ബാക്കിയുണ്ടായിരുന്നത്. 3000 രൂപ ചെലവായി.

2870 നെക്കാൾ എത്ര കൂടുതലാണ് 3000.

2870 നോട് 30 കൂട്ടിയാൽ 2900.

2900 ത്തോട് എത്ര കൂട്ടിയാൽ 3000 കിട്ടും? [ ]

ആകെ എത്ര കൂടുതൽ? [ ]

മറ്റൊരു വഴി

3000 −
2870
―――

➡

3000 − 1 ➡ 2999 −
2870 − 1 ➡ 2869
―――
130

3000 ത്തിനു പകരം 2999 ൽ നിന്നു 2870 കുറച്ച് 1 കൂട്ടിയാലും മതി



❓ ഇതുപോലെ 5000 ത്തിൽ നിന്ന് 3407 കുറയ്ക്കുക.

## എത്ര കുട്ടികൾ

❓ പൂമല സ്കൂളിൽ കഴിഞ്ഞവർഷം 1248 കുട്ടികളുണ്ടായിരുന്നു. അവരിൽ 98 പേർ സ്കൂളിൽനിന്നും പോയി 125 പേർ പുതുതായി വന്നു. ഈ വർഷം സ്കൂളിൽ എത്ര കുട്ടികളുണ്ട്?

ഞാൻ കണ്ടെത്തിയ രീതി






❓ പൂമല സ്കൂളിൽ ഈ വർഷം ഒന്നാം ക്ലാസിൽ ആദ്യം ചേർന്ന കുട്ടിയുടെ പ്രവേശന നമ്പർ 3946 ആണ്. അവസാനം ചേർന്ന കുട്ടിയുടെ നമ്പർ 4007 ആണ്. ഇപ്പോൾ ഒന്നാംക്ലാസിൽ ആകെ എത്ര കുട്ടികൾ ഉണ്ട്?

4007ൽ നിന്ന് 3946 കുറച്ചാൽ മതിയോ? എന്തുകൊണ്ട്?

## എന്റെ മരം

‘എന്റെ മരം’ പദ്ധതിയുടെ ഭാഗമായി പൂമല സ്കൂളിന് 1042 തൈകൾ ലഭിച്ചു. അതിൽ 342 തേക്കും 167 മാവും 257 മഹാഗണിയും 8 ചന്ദനവും ബാക്കി പ്ലാവുമായിരുന്നു.




? ആകെ എത്ര തൈകളാണ് കുട്ടികൾക്ക് വിതരണം ചെയ്തത്?

? പ്ലാവിന്റെ എത്ര തൈകളാണ് ലഭിച്ചത്?

? മൂന്ന് മാസം കഴിഞ്ഞപ്പോൾ കുട്ടികൾക്ക് വിതരണം ചെയ്ത തൈകളിൽ 68 എണ്ണം നശിച്ചു പോയി. ഇപ്പോൾ ബാക്കി എത്രയുണ്ട്?

**ഞാൻ കണ്ടെത്തിയ രീതി**

**കൂട്ടുകാർ കണ്ടെത്തിയ രീതി**

| ഞാൻ എന്നെക്കുറിച്ച് | അതെ | അല്ല |
|---|---|---|
| എന്താണ് കണ്ടെത്തേണ്ടതെന്ന് മനസ്സിലായി. | | |
| എങ്ങനെയാണ് കണ്ടെത്തേണ്ടതെന്ന് മനസ്സിലായി. | | |
| ക്രിയ മനക്കണക്കായി ചെയ്യാൻ കഴിഞ്ഞു. | | |
| ക്രിയ ശരിയായി ചെയ്തു. | | |

ശിശുദിനത്തോടനുബന്ധിച്ച് അമലിന്റെ ക്ലാസിൽ 40 സ്റ്റാമ്പുകൾ ലഭിച്ചു. തിങ്കളാഴ്ച 18 കുട്ടികൾ സ്റ്റാമ്പു വാങ്ങി. ചൊവ്വാഴ്ച 12 പേർ കൂടി വാങ്ങി. എത്ര സ്റ്റാമ്പുകൾ ബാക്കിയുണ്ടെന്ന് എങ്ങനെ കണ്ടെത്താം?

തിങ്കളാഴ്ച കഴിഞ്ഞപ്പോൾ എത്ര സ്റ്റാമ്പുകൾ ബാക്കിയുണ്ടായിരുന്നു?

ചൊവ്വാഴ്ച കഴിഞ്ഞപ്പോഴോ?

മറ്റൊരു രീതി നോക്കാം.

ആകെ എത്ര സ്റ്റാമ്പുകൾ വാങ്ങി?

എത്ര സ്റ്റാമ്പുകൾ ബാക്കിയുണ്ട്?

ഏതു മാർഗമാണ് കൂടുതൽ എളുപ്പം?

## ആകെ എത്ര രൂപ?

■ അമലിന്റെ അച്ഛന് കഴിഞ്ഞ ആഴ്ചയിൽ തിങ്കൾ, ബുധൻ, വെള്ളി, ശനി ദിവസങ്ങളിൽ ജോലിയുണ്ടായിരുന്നു. ആകെ 2750 രൂപ കൂലി കിട്ടി. തിങ്കളാഴ്ച 650 രൂപയും, ശനിയാഴ്ച 700 രൂപയുമാണ് കൂലി കിട്ടിയത്. ബുധൻ, വെള്ളി ദിവസങ്ങളിൽ ഒരേ കൂലിയാണ് ലഭിച്ചത്.

? ബുധനാഴ്ചയും വെള്ളിയാഴ്ചയും കൂടി എത്ര രൂപ കിട്ടി? ☐

? അതിൽ ഒരു ദിവസത്തെ കൂലി എത്ര? ☐

## പാൽക്കണക്ക്

■ അമലിന്റെ വീട്ടിൽനിന്ന് സെപ്തംബർ മുതലാണ് സൊസൈറ്റിയിൽ പാൽ കൊടുത്തു തുടങ്ങിയത്. ആ മാസം 3340 രൂപ കിട്ടി. ഒക്ടോബറിൽ 4265 രൂപയും നവംബറിൽ 3768 രൂപയും കിട്ടി. മൂന്ന് മാസവും കൂടി ആകെ എത്ര രൂപ ലഭിച്ചു?

? സെപ്തംബറിനെക്കാൾ ഒക്ടോബറിൽ എത്ര രൂപ കൂടുതൽ കിട്ടി?

? ഒക്ടോബറിനെക്കാൾ എത്ര കുറവാണ് നവംബറിൽ ലഭിച്ചത്?

? സെപ്തംബറിലും നവംബറിലും ലഭിച്ച വരുമാനത്തിന്റെ വ്യത്യാസമെന്ത്?



? സെപ്തംബറിൽ 2004 രൂപയും ഒക്ടോബറിൽ 2770 രൂപയും നവംബറിൽ 2070 രൂപയും പശുവിന്റെ തീറ്റയ്ക്കും മറ്റും ചെലവഴിച്ചു. എങ്കിൽ ഓരോ മാസവും എത്ര രൂപ വീതം മിച്ചം ലഭിച്ചു?

■ ഇതുപോലെ കൂട്ടുകാരോട് ചോദിക്കാൻ ചോദ്യങ്ങൾ തയാറാക്കൂ.

### വയസ്സെത്ര?

അച്ഛൻ ജനിച്ചത് 1976 ൽ. മകൻ ജനിച്ചത് 2005ൽ.

? അച്ഛനും മകനും തമ്മിൽ എത്ര വയസിന്റെ വ്യത്യാസമുണ്ട്?

? ഇപ്പോൾ ഓരോരുത്തർക്കും എത്ര വയസുണ്ട്?

നിങ്ങളുടെ കുടുംബാംഗങ്ങളുടെ വയസ് ചോദിച്ച് മനസിലാക്കുക. അതിൽനിന്നും അവർ ജനിച്ച വർഷം കണ്ടെത്താമല്ലോ.

## ലാഭപ്രഭ

അമലിന്റെ വീട്ടിലെ വൈദ്യുതിമീറ്ററിൽ ഫെബ്രുവരി അവസാനം കാണിച്ചത് 1866 യൂണിറ്റാണ്. മാർച്ച് അവസാനം 2165 യൂണിറ്റ് കാണിച്ചു.



? മാർച്ച് മാസത്തിൽ എത്ര യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചു?

ലാഭപ്രഭ പദ്ധതിയിൽ ചേർന്ന് വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കാൻ അവർ തീരുമാനിച്ചു. ഏപ്രിൽ അവസാനം മീറ്ററിൽ കാണിച്ചത് 2402 യൂണിറ്റാണ്.

? ലാഭപ്രഭയിൽ ചേർന്നപ്പോൾ വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞോ?

? എത്ര യൂണിറ്റ് കുറയ്ക്കാൻ കഴിഞ്ഞു?

### യാത്ര



- അമലിന്റെ അച്ഛനും അമ്മയും ടൗണിൽ പോകാൻ ബസിൽ കയറി. 18 രൂപയാണ് ഒരാളിന്റെ ടിക്കറ്റ് നിരക്ക്. 100 രൂപയുടെ നോട്ടാണ് അച്ഛൻ കണ്ടക്ടർക്കു കൊടുത്തത്. അയാൾ 2 രൂപയുടെ രണ്ടു നാണയങ്ങൾ തിരികെ നൽകിയിട്ട് 40 എന്നു പറഞ്ഞു. 3 ഇരുപതു രൂപ നോട്ടുകൾകൂടി കൊടുത്തിട്ട് ഇപ്പോൾ നൂറായി എന്നു പറഞ്ഞു.

? നിങ്ങൾ ഇതിനെ എങ്ങനെ വിശദീകരിക്കും?

### എനിക്കും കഴിയും

- ഈ മാസം അവസാനത്തെ ദിവസം നിങ്ങളുടെയും കൂട്ടുകാരുടേയും വീട്ടിലെ മീറ്ററിൽ എത്ര യൂണിറ്റാണ് കാണിക്കുന്നതെന്നു കണ്ടെത്തുക. അടുത്തമാസം അവസാനത്തെ ദിവസം വീണ്ടും മീറ്ററിൽ നോക്കി ആ മാസം എത്ര യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചെന്ന് കണ്ടെത്തൂ.
- ആരുടെ വീട്ടിലാണ് കുറച്ചു വൈദ്യുതി ഉപയോഗിച്ചത്?
- വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ എന്തെല്ലാം ചെയ്യാമെന്ന് ആലോചിച്ചു നോക്കൂ. എല്ലാവരും ചേർന്ന് അവ നടപ്പിലാക്കൂ.

| 7634 – 5326 |
|---|
| |

**ചുവടെ നൽകിയതിൽ ഒരുത്തരം ശരിയാണ്. അതേതെന്ന് മനക്കണക്കായി കണ്ടെത്താമോ?**

**3506, 2405, 2308, 708**

## കുടുംബബജറ്റ്

■ അമലിന്റെ വീട്ടിലെ ഒക്ടോബർമാസത്തെ കുടുംബബജറ്റ് പരിശോധിക്കൂ. വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കൂ.

| വരവ് | രൂപ | ചെലവ് | രൂപ |
|---|---|---|---|
| കൃഷിയിൽ നിന്ന് | 4735 | ഭക്ഷണം | |
| പാൽ വിറ്റയിനത്തിൽ | 4265 | യാത്ര | 500 |
| | | വൈദ്യുതി ചാർജ് | 400 |
| | | ഫോൺബിൽ | 330 |
| | | വസ്ത്രം | 460 |
| | | വിനോദം, പത്രം, മാസിക | 480 |
| | | വിദ്യാഭ്യാസം | 325 |
| | | ആരോഗ്യം | 400 |
| ആകെ | | ആകെ | 7445 |

? വരവും ചെലവും തമ്മിലുള്ള വ്യത്യാസം എത്ര?

നിങ്ങളുടെ കുടുംബബജറ്റ് ഇതുപോലെ തയാറാക്കൂ.

## ചെയ്തുനോക്കാം

? ഒരു മൊബൈൽ ഫോണിന്റെ വില 3450 രൂപയാണ്. പഴയഫോൺ വിറ്റപ്പോൾ 780 രൂപ കിട്ടി. എങ്കിൽ പുതിയ ഫോണിന് എത്ര രൂപ കൂടി കൊടുക്കണം?

■ ആനമല സ്കൂളിൽ എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലായി 2060 കുട്ടികളുണ്ട്. എൽ.പി. വിഭാഗത്തിൽ 358 ഉം യു.പി. വിഭാഗത്തിൽ 449 ഉം കുട്ടികളുണ്ട്.

- ഹൈസ്കൂൾ വിഭാഗത്തിൽ എത്ര കുട്ടികളുണ്ട്?
- യു.പി. വിഭാഗത്തേക്കാൾ ഹൈസ്കൂൾ വിഭാഗത്തിൽ എത്ര കുട്ടികൾ കൂടുതലുണ്ട്?

ചുവടെ നൽകിയിരിക്കുന്നതിൽ ഏത് ക്രിയയുടെ ഉത്തരമാണ് 2550.

- 7200 – 4750
- 6300 – 3750
- 5800 – 3650

$$\begin{array}{r} 2407 - \\ 1539 \\ \hline 868 \end{array} \qquad \begin{array}{r} 2407 - \\ 1539 \\ \hline 978 \end{array}$$

ഏതാണ് ശരി എന്ന് കുറച്ചുനോക്കാതെ എങ്ങനെ കണ്ടെത്താം?

ഒരു ടി.വി. യുടെ വില 6780 രൂപയും ഡി.വി.ഡി. പ്ലെയറിന്റെ വില 2490 രൂപയുമാണ്. ഇവ രണ്ടുംകൂടി ഒരുമിച്ച് വാങ്ങുമ്പോൾ വിലയിൽ 1390 രൂപയുടെ കുറവു കിട്ടുമെങ്കിൽ ഇവ വാങ്ങാൻ എത്ര രൂപ നൽകണം?

ആനമലവാർഡിലെ ജനസംഖ്യ 1780 ആണ്. അവിടെ പുരുഷന്മാരെക്കാൾ 80 സ്ത്രീകൾ കൂടുതലുണ്ട്. സ്ത്രീകളുടെയും പുരുഷന്മാരുടെയും എണ്ണം എത്ര?

| 6006 – |
|---|
| 3987 |

3987 നോട് 13 കൂട്ടിയാൽ 4000.
4000 ത്തോട് 2000 കൂട്ടിയാൽ 6000.

6000 ത്തോട് 6 കൂട്ടിയാൽ 6006.

2000 + 13 + 6 = 2019

| 6530 – |
|---|
| 2520 |

6500 ൽ നിന്ന് 2500 കുറച്ചാൽ 4000.
30-ൽ നിന്ന് 20 കുറച്ചാൽ 10.

4000 + 10 = 4010

ഈ ക്രിയകളുടെ ഉത്തരം കണ്ടെത്താനുള്ള മറ്റു വഴികൾ ഏതൊക്കെയാണ്?

**മനക്കണക്കായി കണ്ടെത്തൂ**

**5982 – 3694 = 2288 ആയാൽ**
**5980 – 3694 =**
**5982 – 3692 =**
**5980 – 3692 =**

**എങ്ങനെ കണ്ടെത്തി?**

**ഗുണിക്കാം കുറയ്ക്കാം**

$2 \times 2 - 1 \times 1 = 3$


$3 \times 3 - 2 \times 2 = 5$

$4 \times 4 - 3 \times 3 = 7$

$9 \times 9 - 8 \times 8 =$ .....

## സംഖ്യാചക്രം പൂർത്തിയാക്കുക

- പുറത്തെ വട്ടത്തിലെ സംഖ്യയിൽ നിന്നും അകത്തെ വട്ടത്തിലെ സംഖ്യ കുറയ്ക്കുമ്പോൾ 4023 കിട്ടത്തക്കവിധത്തിൽ സംഖ്യാചക്രം പൂർത്തിയാക്കുക.




## ബജറ്റ്


- കർഷകനായ രാമു തന്റെ കഴിഞ്ഞ 4 വർഷത്തെ ഉൽപാദനച്ചെലവ് പരിശോധിച്ച് പറഞ്ഞത് നോക്കൂ. "ഈ വർഷത്തെ ചെലവിനെക്കാൾ 1439 രൂപ കുറവായിരുന്നു കഴിഞ്ഞ വർഷം. എന്നാൽ കഴിഞ്ഞ വർഷത്തെക്കാൾ 2496 രൂപ കുറവായിരുന്നു തൊട്ടു മുമ്പിലത്തെ വർഷം. അതിന് തൊട്ടുമുമ്പിലത്തെ വർഷം ഈ വർഷത്തേക്കാൾ 4429 രൂപ കുറവായിരുന്നു.
ഈ വർഷം 9827 രൂപയാണ് ചെലവ്."

4 വർഷത്തെ ആകെ ഉൽപാദനച്ചെലവ് എത്ര?

ഏറ്റവും കുറവ് ചെലവ് വന്നത് എത്രയാണ്?

## വണ്ടിനെ സഹായിക്കാമോ?

ഒരു പൂവിലെ തേൻ മാത്രം നുകരാൻ വണ്ടിന് കഴിഞ്ഞില്ല. നടുവിലെ കളങ്ങളിലെ സംഖ്യകളുടെ വ്യത്യാസമായി വരാത്ത പൂവാണത്. അത് ഏതെന്ന് കണ്ടെത്താമോ?




| | | |
|---|---|---|
| 4096 | 6087 | 865 |
| 98 | 4809 | 5000 |

$3 \times 3 - 1 \times 1 = 4 \times 2$

$4 \times 4 - 2 \times 2 = 6 \times 2$

$5 \times 5 - 3 \times 3 = 8 \times 2$

...............................

...............................

$12 \times 12 - 10 \times 10 =$ .........

$4 \times 4 - 1 \times 1 = 5 \times 3$

$5 \times 5 - 2 \times 2 = 7 \times 3$

$6 \times 6 - 3 \times 3 = 9 \times 3$

...............................

...............................

$13 \times 13 - 10 \times 10 =$ .........

- ബന്ധം കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.
- ഇതുപോലെ മറ്റു പാറ്റേണുകൾ കണ്ടെത്തുക.

## വരവും ചെലവും



■ ഷിജി ടീച്ചറുടെ കഴിഞ്ഞ മാസത്തെ ബജറ്റ് നോക്കൂ.

| ഇനം | വകയിരുത്തിയത് (രൂപയിൽ) | ചെലവായത് (രൂപയിൽ) |
|---|---|---|
| ഭക്ഷണം | 5400 | 4896 |
| വസ്ത്രം, യാത്ര, മരുന്ന്, ആഘോഷങ്ങൾ | 2625 | 2980 |
| ഫോൺ, കറന്റ്, ടി.വി, പത്രം, ഇന്റർനെറ്റ്, പ്രസിദ്ധീകരണങ്ങൾ | 2075 | 1948 |
| മറ്റിനങ്ങൾ | 2500 | 3075 |


? വകയിരുത്തിയതിനെക്കാൾ ചെലവ് കൂടുതലോ കുറവോ?

? വകയിരുത്തിയതിനെക്കാൾ കൂടുതൽ ചെലവായ ഇനങ്ങൾ ഏതെല്ലാം? എത്ര കൂടുതൽ?

? വകയിരുത്തിയതിനെക്കാൾ ചെലവ് കുറവായ ഇനങ്ങൾ ഏതെല്ലാം? എത്ര കുറവ്?

# 5

# രൂപങ്ങൾ വരയ്ക്കാം



ഈ കലാരൂപം ഏതാണ്?

ഈ ചിത്രത്തിൽനിന്ന് നിങ്ങൾക്ക് പരിചയമുള്ള ഏതൊക്കെ ജ്യാമിതീയ രൂപങ്ങൾ കണ്ടെത്താൻ കഴിയും?

ത്രികോണങ്ങൾക്കെല്ലാം ചുവപ്പ് നിറം നൽകൂ.


വട്ടങ്ങൾക്കും ചതുരങ്ങൾക്കും ഇഷ്ടമുള്ള നിറം നൽകി ചിത്രം കൂടുതൽ ഭംഗിയാക്കൂ.

രൂപങ്ങൾക്ക് നിറം നൽകിയില്ലേ. ഈ രൂപങ്ങൾ എങ്ങനെ വരയ്ക്കാം?


വട്ടം വരയ്ക്കാൻ എന്തൊക്കെ ഉപയോഗിക്കാം?

നാണയം, ..........................................................................................

ഒരു ചതുരത്തിൽ കുറേ വട്ടങ്ങൾ വരച്ചത് നോക്കൂ.



ഈ വലിയ വട്ടത്തിനകത്ത് ഒരേ വലിപ്പമുള്ള വട്ടങ്ങൾ വരയ്ക്കൂ.




എത്ര വട്ടങ്ങൾ വരയ്ക്കാൻ സാധിച്ചു? ☐

കൂട്ടുകാരൻ എത്ര വട്ടങ്ങൾ വരച്ചു? ☐

ക്ലാസിൽ ആരാണ് കൂടുതൽ വരച്ചത്? ☐

എത്ര? ☐

## വട്ടത്തിനകത്ത്



- നാണയമുപയോഗിച്ച് ഈ വട്ടത്തിനകത്ത് നടുവിലായി ഒരു വട്ടം വരയ്ക്കൂ.





- ഈ ചതുരത്തിനകത്ത് നടുവിലായി ഒരു വട്ടം വരയ്ക്കൂ.




## ചതുരം ചതുരം


- ഓരോ ചിത്രത്തിലും ഒരു വര വരച്ച് രണ്ട് ചതുരങ്ങൾ ഉണ്ടാക്കൂ.



- ഒരു വര വരച്ച് ചതുരവും ത്രികോണവും ആക്കി മാറ്റൂ.



- രണ്ടു വരകൾ വീതം വരച്ച് ചതുരങ്ങൾ ഉണ്ടാക്കുക. ചതുരങ്ങളുടെ എണ്ണവും എഴുതുക.



- എല്ലാവർക്കും ലഭിച്ച ചതുരങ്ങളുടെ എണ്ണം തുല്യമാണോ?

## ചതുരമേത്?

? താഴെ നൽകിയവയിൽ ഏതാണ് ചതുരം?



? എന്തുകൊണ്ട്? ____________________


### ഞാൻ കണ്ടെത്തിയത്

- ഒരു വരയ്ക്ക് കുത്തനെയായിരിക്കണം അതിനടുത്തുള്ള വര.
- 
- 
- 




## കണ്ടെത്താം നിറം നൽകാം

? അനു വരച്ച ചിത്രങ്ങളിൽ ഏതൊക്കെയാണ് ചതുരങ്ങൾ?




### എന്റെ കണ്ടെത്തലുകൾ

| ചിത്രം → | 1 | 2 | 3 | 4 | 5 |
|---|---|---|---|---|---|
| നാല് വശങ്ങൾ ഉണ്ട് | | | | | |
| നാല് മൂലകൾ ഉണ്ട് | | | | | |
| നാല് വശങ്ങളിലും ഒരു വരയ്ക്ക് കുത്തനെയാണ് അതിനടുത്തുള്ള വര | | | | | |
| എതിരേയുള്ള വശങ്ങൾ തുല്യമാണ്. | | | | | |

- നിങ്ങൾ കണ്ടെത്തിയ ചതുരങ്ങൾക്ക് നിറം നൽകൂ.

## വശവും മൂലയും

■ അധ്യാപകദിനത്തോടനുബന്ധിച്ച് ആശംസാകാർഡുകൾ തയാറാക്കുകയാണ് അഞ്ജുവും കൂട്ടുകാരും.



? ചതുരാകൃതിയിലുള്ള ആശംസാകാർഡ് തയാറാക്കാൻ നിങ്ങൾ കട്ടിക്കടലാസ് എങ്ങനെ മുറിച്ചെടുക്കും?

- 
- 






ഈ ചിത്രത്തോട് ചേർത്തുവച്ചും മൂലകൾ കൃത്യമാക്കാമല്ലോ.

- ഞാൻ തയാറാക്കിയ ആശംസാകാർഡിന്റെ നാല് വശങ്ങളുടെ നീളങ്ങൾ

☐ സെ.മീ. ☐ സെ.മീ. ☐ സെ.മീ. ☐ സെ.മീ.

- കൂട്ടുകാർ തയാറാക്കിയ ആശംസാകാർഡുകളുടെ വശങ്ങൾ

| പേര് | ആശംസാകാർഡിന്റെ വശങ്ങൾ |
|---|---|
| | ...... സെ.മീ, ...... സെ.മീ, ...... സെ.മീ, ...... സെ.മീ |
| | |
| | |
| | |
| | |

- ചതുരത്തിന്റെ എല്ലാ പ്രത്യേകതയും ഉള്ള കാർഡുകൾ ആരുടേതൊക്കെയാണ്?

## നിർമിച്ചു നോക്കൂ, കണ്ടെത്തൂ

■ 10 സെന്റിമീറ്റർ, 8 സെന്റിമീറ്റർ, 6 സെന്റിമീറ്റർ, 5 സെന്റിമീറ്റർ അളവുകളുള്ള ഈർക്കിൽ കഷണങ്ങൾ മുറിച്ചെടുക്കൂ. ഇവ ഉപയോഗിച്ച് താഴെ കൊടുത്ത അളവുകളിൽ ചതുരം നിർമിച്ച് നോക്കൂ.

| | | | | |
|---|---|---|---|---|
| 1 | 10 സെ.മീ., | 8 സെ.മീ., | 10 സെ.മീ., | 8 സെ.മീ. |
| 2 | 10 സെ.മീ., | 6 സെ.മീ., | 6 സെ.മീ., | 5 സെ.മീ. |
| 3 | 8 സെ.മീ., | 6സെ.മീ., | 6 സെ.മീ., | 8 സെ.മീ. |
| 4 | 5 സെ.മീ., | 5സെ.മീ., | 10സെ.മീ., | 8 സെ.മീ. |
| 5 | 6 സെ.മീ., | 10 സെ.മീ., | 10 സെ.മീ., | 6 സെ.മീ. |
| 7 | 8 സെ.മീ., | 8 സെ.മീ., | 8 സെ.മീ., | 8 സെ.മീ., |


? ഏതൊക്കെയാണ് ചതുരങ്ങൾ ഉണ്ടാക്കാൻ കഴിയാത്ത അളവുകൾ? എന്തുകൊണ്ട്?




- 
- 
- 
- 

■ അനു നിർമിച്ച ചതുരം നോക്കൂ.

? എന്താണ് ഈ ചതുരത്തിന്റെ പ്രത്യേകത?









**ഗണിതരൂപങ്ങൾ**

കമ്പ്യൂട്ടർ ഉപയോഗിച്ച് വിവിധ ഗണിതരൂപങ്ങൾ വരയ്ക്കാം. ഇതിനായി ജിയോജിബ്ര (GeoGebra) സോഫ്റ്റ്‌വെയർ ഉപയോഗിക്കാവുന്നതാണ്. ഐ.ടി.@സ്കൂളിൽ ഉബണ്ടുവിൽ സോഫ്റ്റ്‌വെയർ തുറക്കുന്നതിനുള്ള വഴി.

Application → Education → GeoGebra

■ നമുക്കു ചുറ്റും കാണുന്ന ചതുരം, ത്രികോണം, വൃത്തം എന്നിവ കണ്ടെത്തി എഴുതുക.

| വസ്തുക്കൾ | ആകൃതി |
|---|---|
| • നാണയം | വൃത്തം |
| • സൂചനാബോർഡ് | .............................. |
| • | |
| • | |
| • | |
| • | |
| • | |

## കുട്ടപ്പന്റെ നെൽവയൽ



50 മീറ്റർ


80 മീറ്റർ

? കുട്ടപ്പന്റെ നെൽവയൽ ചതുരാകൃതിയിലാണ്. അയാൾ എന്നും രാവിലെ വയലിനുചുറ്റും നടന്ന് കൃഷി നോക്കിക്കാണാറുണ്ട്. ഒരു പ്രാവശ്യം നടന്ന് നടത്തം ആരംഭിച്ച സ്ഥലത്ത് തിരിച്ചെത്തുമ്പോൾ അയാൾ എത്ര മീറ്റർ നടന്നിട്ടുണ്ടാവും?


ഞാൻ കണ്ടെത്തിയത്



## കമ്പും ചതുരവും



6 സെ.മീ.



5 സെ.മീ.




10 സെ.മീ.

കമ്പുകെട്ടുകൾ കണ്ടില്ലേ. ഇതിലെ കമ്പുകൾ ഉപയോഗിച്ച് ചതുരങ്ങൾ ഉണ്ടാക്കണം.




■ കമ്പുകൾ ഉപയോഗിച്ച് ബഷീർ ഉണ്ടാക്കിയ ചതുരം നോക്കൂ.

6 സെ.മീ.



10 സെ.മീ.




? ബഷീർ ഉണ്ടാക്കിയ ചതുരത്തിലെ നാലു കമ്പിന്റെയും ആകെ നീളം ☐

**വിലങ്ങനെയും കുത്തനെയും ഉള്ള വശങ്ങളുടെ അളവുകൾ തമ്മിൽ കൂട്ടി രണ്ട് കൊണ്ട് ഗുണിച്ചതാണ് ചതുരത്തിന്റെ ചുറ്റളവ്.**

## സമചതുരത്തിന്റെ ചുറ്റളവ്


ആശ 10 സെ.മീ നീളമുള്ള കമ്പുകൾ ഉപയോഗിച്ച് സമചതുരമാണ് ഉണ്ടാക്കിയത്.

ഇതിന്റെ ചുറ്റളവ് = ☐ സെ.മീ.


സമചതുരത്തിന്റെ ചുറ്റളവ് അതിന്റെ ഒരു വശത്തിന്റെ നീളത്തെ നാല് കൊണ്ട് ഗുണിച്ചതാണ്.

## ചുറ്റളവ് കണ്ടെത്താം

■ താഴെകൊടുത്ത രൂപങ്ങളുടെ ചുറ്റളവ് കണ്ടെത്തുക.





ചുറ്റളവ് ______




ചുറ്റളവ് ______




ചുറ്റളവ് ______





ചുറ്റളവ് ______

ഏതൊരു രൂപത്തിന്റെയും ചുറ്റളവ് അതിന്റെ എല്ലാ വശങ്ങളുടെയും ആകെ നീളമാണ്.

**ഇങ്ങനെയും രൂപങ്ങൾ**

ഈ രൂപങ്ങളുടെ ചുറ്റളവ് കണ്ടെത്തൂ (അളവുകൾ സെന്റിമീറ്ററിലാണ്).




## തോട്ടത്തിനൊരു കമ്പിവേലി

■ സ്കൂളിലെ പച്ചക്കറിത്തോട്ടത്തിന് കമ്പിവേലി കെട്ടണം.

ചതുരാകൃതിയിലുള്ള വെണ്ടത്തോട്ടത്തിനും സമചതുരാകൃതിയിലുള്ള ചീരത്തോട്ടത്തിനുമാണ് വേലി കെട്ടേണ്ടത്.

5 മീറ്റർ



7 മീറ്റർ



4 മീറ്റർ

? ഒരു മീറ്റർ നീളത്തിൽ കമ്പി കെട്ടാൻ 20 രൂപ ചെലവ് വരുമെങ്കിൽ ഒരു വരി കമ്പി കെട്ടാൻ എത്ര രൂപ ചെലവാകും?

വെണ്ടത്തോട്ടത്തിന്റെ ചുറ്റളവ് = മീറ്റർ

ചീരത്തോട്ടത്തിന്റെ ചുറ്റളവ് = മീറ്റർ

രണ്ട് തോട്ടങ്ങളുടെയും ആകെ ചുറ്റളവ് = .......... + ..........

ഒരു വരി കമ്പി കെട്ടാനുള്ള ചെലവ് = 20 × ചുറ്റളവ് =




? 5 വരി വേലിയാണ് കെട്ടുന്നതെങ്കിലോ?



## ചെയ്തുനോക്കാം

? ഒരു ചതുരത്തിന്റെ നീളം 6 സെ.മീ., വീതി 4 സെ.മീ. ആയാൽ ചുറ്റളവ് എത്ര?

? ഒരു ചതുരത്തിന്റെ നീളം 8 സെ.മീ. ആണ്. അതിന്റെ ചുറ്റളവ് 24 സെ.മീ. ആണെങ്കിൽ വീതി എത്ര?


? ഒരു ചതുരത്തിന്റെ നീളവും വീതിയും കൂടി 14 സെ.മീ. ആണെങ്കിൽ അതിന്റെ ചുറ്റളവ് എത്ര?

? 22 സെ.മീ. ചുറ്റളവുള്ള ഒരു ചതുരത്തിന്റെ നീളവും വീതിയും ഏതൊക്കെയാവാം?

? ചതുരം പൂർത്തിയാക്കി ചുറ്റളവ് കണ്ടെത്തൂ.




? ത്രികോണം പൂർത്തിയാക്കൂ. ചുറ്റളവ് കണ്ടെത്തി എഴുതൂ.




? ഒരു ത്രികോണത്തിന്റെ ചുറ്റളവ് 30 സെ.മീ., ഇതിന്റെ രണ്ട് വശങ്ങൾ 10 സെ.മീ., 9 സെ.മീ. ആണെങ്കിൽ മൂന്നാമത്തെ വശം എത്ര?

? ഒരു സമചതുരത്തിന്റെ ചുറ്റളവ് 20 സെ.മീ. ഒരു വശത്തിന്റെ നീളം എത്ര?

## ചതുരവും ത്രികോണവും



ചിത്രം (1)



ചിത്രം (2)

■ ചിത്രം (1) ലെ ചതുരത്തിന്റെ എതിർമൂലകളിലൂടെ മുറിച്ച് രണ്ട് ത്രികോണങ്ങളാക്കിയതാണ് ചിത്രം (2) ൽ.

ചിത്രം (1) ലെ ചതുരത്തിന്റെ ചുറ്റളവ് = ☐

ചിത്രം (2) ലെ ത്രികോണങ്ങളുടെ ആകെ ചുറ്റളവ് = ☐ + ☐ = ☐

## തീപ്പെട്ടിച്ചതുരം

■ കുട്ടികൾ ഗ്രൂപ്പിൽ തീപ്പെട്ടിക്കമ്പുകൾ ഉപയോഗിച്ച് ചതുരങ്ങൾ ഉണ്ടാക്കുകയാണ്.

ഓരോ ഗ്രൂപ്പിനും 20 വീതം തീപ്പെട്ടിക്കമ്പുകളാണ് നൽകിയത്. അവർ ഉണ്ടാക്കിയ ചതുരങ്ങളുടെ നീളവും വീതിയും ഏതെല്ലാം അളവുകളിലാകാം?

| ഗ്രൂപ്പ് | നീളത്തിൽ ഉപയോഗിച്ച തീപ്പെട്ടിക്കമ്പുകളുടെ എണ്ണം | വീതിയിൽ ഉപയോഗിച്ച തീപ്പെട്ടിക്കമ്പുകളുടെ എണ്ണം | ആകെ എണ്ണം |
|---|---|---|---|
| 1 | 8 + 8 = 16 | 2 + 2 = 4 | 20 |
| 2 | ... + ... = 10 | | |
| 3 | | | |
| 4 | | | |
| 5 | | | |








## കമ്പിച്ചതുരം

? ആനിയുടെ കൈയിൽ 24 സെന്റിമീറ്റർ നീളമുള്ള നൂൽക്കമ്പിയുണ്ട്. അതുപയോഗിച്ച് അവൾക്ക് ഏതൊക്കെ അളവുകളിലുള്ള ചതുരം ഉണ്ടാക്കാൻ കഴിയും?

? സമചതുരമാണുണ്ടാക്കിയതെങ്കിൽ ഒരു വശത്തിന്റെ നീളം എത്ര?

## തിരിഞ്ഞും മറിഞ്ഞും

**?** മൂന്ന് വശങ്ങളും 6 സെന്റിമീറ്റർ വീതമായ വലിയ ത്രികോണം കണ്ടില്ലേ. ഇതിന്റെ ചുറ്റളവ് എത്ര? [ ] സെ.മീ.



ഇതിന്റെ വശങ്ങളുടെ നടുവിലായുള്ള 3 കുത്തുകൾ യോജിപ്പിച്ച് മറ്റൊരു ത്രികോണം വരച്ചിരിക്കുന്നു.

അതിന്റെ ഒരു വശത്തിന്റെ നീളം [ ] സെ.മീ.


ചുറ്റളവ് [ ] സെ.മീ.

രണ്ടാമതു വരച്ച ത്രികോണത്തിന്റെ വശങ്ങളുടെ നടുവിൽ കുത്തുകളിട്ട് അവ യോജിപ്പിച്ചാണ് അതിനകത്തെ ത്രികോണം വരച്ചിരിക്കുന്നത്. ഇതിന്റെ ഒരു വശത്തിന്റെ നീളം എത്ര? [ ]

ചുറ്റളവോ? [ ]


**?** ഒരു പേപ്പറിൽ 3 കുത്തുകളിടുക. ആ കുത്തുകൾ യോജിപ്പിച്ച് വരകൾ വരയ്ക്കുക. ത്രികോണം കിട്ടുന്നുണ്ടോ? കുത്തുകളുടെ സ്ഥാനം എവിടെയായിരുന്നാലും ത്രികോണം വരയ്ക്കാൻ കഴിയുമോ?

**?** തന്നിരിക്കുന്ന ചതുരത്തിനകത്തെ കുത്തുകൾ യോജിപ്പിച്ച് പാറ്റേൺ പൂർത്തിയാക്കൂ.



ഇതുപോലെ കുത്തുകളിട്ട് അവ യോജിപ്പിച്ച് പുതിയ പാറ്റേൺ കണ്ടെത്തൂ.

## ചേർത്തുവയ്ക്കാം




അടുത്ത ചിത്രം വരയ്ക്കൂ.


അതിൽ എത്ര ത്രികോണങ്ങളുണ്ട്? ☐

**ഞാൻ കണ്ടെത്തിയത്**





ഇടതുഭാഗത്തുള്ള ചിത്രത്തിൽ നിറം നൽകിയതുപോലെ വലതുഭാഗത്തുള്ള ചിത്രത്തിലും നിറം നൽകൂ.






ചുവടെ തന്നിരിക്കുന്ന ചിത്രത്തിൽ വ്യത്യസ്ത രീതിയിൽ നിറം നൽകൂ.





## ചില രൂപങ്ങൾ




ഇത്തരം രൂപങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടോ?

നിങ്ങൾക്ക് പരിചയമുള്ള ഇത്തരം രൂപങ്ങൾ എഴുതുക.


| ചതുരക്കട്ട | ഗോളം |
| --- | --- |
| • | • |
| • | • |
| • | • |
| • | • |

## ആകെ എത്ര


? ചിത്രത്തിൽ ആകെ എത്ര ചതുരങ്ങളുണ്ട്? ☐




? ചിത്രത്തിൽ ആകെ എത്ര ത്രികോണങ്ങൾ ഉണ്ട്? ☐



## തീപ്പെട്ടിക്കമ്പുകൾ






? തീപ്പെട്ടിക്കമ്പുകൊണ്ട് തയാറാക്കിയ ആദ്യത്തെ ചതുരത്തിൽ എത്ര തീപ്പെട്ടിക്കമ്പുകളുണ്ട്? ☐

? രണ്ടാമത്തെ രൂപത്തിൽ എത്ര തീപ്പെട്ടിക്കമ്പുകളുണ്ട്? ☐

? എങ്കിൽ ഇതുപോലെ 3 ചതുരങ്ങൾ ചേർന്നു വരുന്ന രൂപം നിർമിക്കാൻ എത്ര കമ്പുകൾ വേണ്ടിവരും? ☐

## സമചതുരങ്ങൾ



എത്ര സമചതുരങ്ങളുണ്ട്?


## ചുറ്റളവ്


10 സെന്റിമീറ്റർ വശങ്ങളുള്ള ഒരു സമചതുരത്തിന്റെ ചുറ്റളവ് എത്ര?


ഈ സമചതുരത്തിന്റെ മധ്യഭാഗത്തിലൂടെ മുറിച്ച് രണ്ട് ചതുരമാക്കിയാൽ ഓരോ ചതുരത്തിന്റെയും ചുറ്റളവ് എത്ര?


## നിറം നൽകാം











## തിരിഞ്ഞുനോക്കുമ്പോൾ




| പഠനനേട്ടങ്ങൾ | എനിക്ക് കഴിയും | ടീച്ചറുടെ സഹായത്തോടെ കഴിയും | ഇനിയും മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| **പാഠം - 1: നാലക്കസംഖ്യകൾക്കൊപ്പം** | | | |
| • ഒരു നിശ്ചിത സംഖ്യയിൽ നിന്ന് തുടങ്ങി തുടർച്ചയായി എഴുതുന്നു - പതിനായിരം വരെ | | | |
| • നാലക്കസംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു. | | | |
| • നാലക്കസംഖ്യകൾ സന്ദർഭത്തിനനുസരിച്ച് വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | | | |
| • നാലക്കസംഖ്യകൾ സ്ഥാനവിലയ്ക്കനുസരിച്ച് പിരിച്ചെഴുതുകയും വികസിപ്പിക്കുകയും ചെയ്യുന്നു. | | | |
| • നാലക്കസംഖ്യകൾ താരതമ്യം ചെയ്യുന്നതിനുള്ള രീതി വിശദീകരിക്കുന്നു. | | | |
| • നിശ്ചിത എണ്ണം അക്കങ്ങൾ ആവർത്തിച്ചും അല്ലാതെയും എഴുതാവുന്ന സംഖ്യകളെഴുതുന്നു. | | | |
| • സംഖ്യാശ്രേണിയുടെ യുക്തി കണ്ടെത്തി വിശദീകരിക്കുന്നു. | | | |
| • നാലക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | | | |
| **പാഠം - 2: സമയചക്രം** | | | |
| • മിനുട്ടിന് സെക്കന്റുമായും മണിക്കൂറുമായുമുള്ള ബന്ധം വിശദീകരിക്കുന്നു. | | | |
| • ക്ലോക്ക്/വാച്ച് നോക്കി സമയം കണക്കാക്കുന്നു. | | | |
| • 24 മണിക്കൂർ ക്ലോക്കിൽ നൽകിയ സമയത്തെ 12 മണിക്കൂർ ക്ലോക്കിലേക്കും തിരിച്ചും മാറ്റി പറയുന്നു. | | | |
| • സമയത്തെ am/pm ഉപയോഗിച്ച് പറയുന്നു. | | | |
| • സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | | | |
| • സമയ വിവരപട്ടിക അപഗ്രഥിച്ച് നിഗമനത്തിലെത്തുന്നു. | | | |
| • സമയദൈർഘ്യം ഊഹിച്ചു പറയുന്നു. | | | |
| • ഇംഗ്ലീഷ് മാസ തീയതികൾ ദിവസം/മാസം/വർഷം എന്ന രീതിയിൽ രേഖപ്പെടുത്തുന്നു. | | | |
| • കലണ്ടർ നോക്കി ഇംഗ്ലീഷ് മാസതീയതികൾക്കൊപ്പം ശകവർഷം, കൊല്ലവർഷം, ഹിജ്റ വർഷം, തീയതികൾ കണ്ടെത്തി എഴുതുന്നു. | | | |
| • സമയരേഖ തയാറാക്കുന്നു. | | | |

| പഠനനേട്ടങ്ങൾ | എനിക്ക് കഴിയും | ടീച്ചറുടെ സഹായത്തോടെ കഴിയും | ഇനിയും മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| **പാഠം – 3: ആയിരങ്ങൾ ചേരുമ്പോൾ** | | | |
| • സങ്കലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | | | |
| • പ്രശ്നപരിഹരണ രീതികൾ വിശദീകരിക്കുന്നു. | | | |
| • ക്രിയാഫലം മനക്കണക്കായി പറയുന്നു. | | | |
| • പ്രശ്ന പരിഹരണത്തിന്റെ ഭാഗമായി ദത്തങ്ങളെ പട്ടികപ്പെടുത്തുന്നു. | | | |
| • സംഖ്യാശ്രേണികളുടെ യുക്തി വിശദീകരിക്കുന്നു. | | | |
| • ക്രിയാഫലങ്ങൾ മതിച്ചു പറയുന്നു. | | | |
| **പാഠം – 4: കൂടുതലും കുറവും** | | | |
| • വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | | | |
| • പ്രശ്നപരിഹരണരീതികൾ വിശദീകരിക്കുന്നു. | | | |
| • ക്രിയാഫലങ്ങൾ ശരിയാണോയെന്ന് പരിശോധിക്കാനുള്ള മാർഗം വിശദീകരിക്കുന്നു. | | | |
| • ക്രിയാഫലം മനക്കണക്കായി പറയുന്നു. | | | |
| • പ്രശ്നപരിഹരണത്തിന്റെ ഭാഗമായി ദത്തങ്ങളെ പട്ടികപ്പെടുത്തുന്നു. | | | |
| • സംഖ്യാശ്രേണികളുടെ യുക്തി സമർഥിക്കുന്നു. | | | |
| • ക്രിയാഫലങ്ങൾ മതിച്ചു പറയുന്നു. | | | |
| **പാഠം – 5: രൂപങ്ങൾ വരയ്ക്കാം** | | | |
| • ചുറ്റുപാടുകളിൽ നിന്ന് ചതുരം, ത്രികോണം, വട്ടം എന്നീ രൂപങ്ങൾ വേർതിരിച്ചറിയുന്നു. | | | |
| • വട്ടത്തിലുള്ള വസ്തുക്കളുപയോഗിച്ച് വൃത്തം വരയ്ക്കുന്നു. | | | |
| • നിശ്ചിത അളവിലല്ലാത്ത ചതുരവും ത്രികോണവും വരയ്ക്കുന്നു. | | | |
| • ത്രികോണം, ചതുരം, സമചതുരം എന്നിവയുടെ ചുറ്റളവ് കൃത്യതയോടെ കണക്കാക്കുന്നതിനുള്ള രീതി വിശദീകരിക്കുന്നു. | | | |
| • ചതുരത്തിന്റെ ചുറ്റളവ് ഊഹിച്ചു പറയുന്നു. | | | |
| • ഒരേ ചുറ്റളവിൽ വ്യത്യസ്ത നീളവും വീതിയും ഉള്ള ചതുരങ്ങളുടെ അളവുകൾ കണ്ടെത്തി വിശദീകരിക്കുന്നു. | | | |
| • ചുറ്റുപാടുമുള്ള ജ്യാമിതീയ പാറ്റേണുകൾ കണ്ടെത്തുന്നു. | | | |
| • ജ്യാമിതീയരൂപങ്ങൾ ഭംഗിയായി വരയ്ക്കുന്നു. | | | |
| • ത്രിമാനരൂപങ്ങൾ ആകൃതിയ്ക്കനുസരിച്ച് തരം തിരിക്കുന്നു. | | | |